23
2024
ഫെബ്രുവരി
വെള്ളി
കുംഭം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.137 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-137 പേജ് 4. വില 2.00 രൂപ

02 പോക്സോ കേസിൽ പരാതി നൽകാനെത്തിയ അമ്മയും മകളും കാത്തുനിന്നത് നാല് മണിക്കൂർ

03 ഭക്ഷ്യമേഖലയിൽ നിക്ഷേപകരെ ആകർഷിച്ച് ദുബായ് ഇൻവസ്റ്റർ കോൺക്ലേവ്

04 ഡ്രൈവിംഗ് ടെസ്റ്റ് ; പുതിയ മാറ്റങ്ങൾ മേയ് ഒന്നു മുതൽ

സ്ത്രീകൾക്ക് തുല്യ അവകാശങ്ങളും അവസരങ്ങളും കേരളത്തിൽ

കൊച്ചി: മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം എല്ലാ മേഖലകളിലും മുന്നിട്ടു നിൽക്കുന്നതിനു പിന്നിലുള്ള ഒരു പ്രധാന കാരണം കേരളത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന തുല്യ അവകാശങ്ങളും അവസരങ്ങളുമാണെന്ന് എറണാകുളം സിയാൽ കൺവെൻഷൻ സെന്ററിലെ സ്ത്രീകളുമായുള്ള മുഖാമുഖം പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസസാമൂഹികസാമ്പത്തികാവസ്ഥകൾ വളരെയധികം മെച്ചപ്പെട്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നമ്മുടെ നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി മുന്നേറ്റങ്ങളുമെല്ലാം കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. ഒരളത്തിലെ സ്ത്രീകളുടെ ശാക്തീകരണം സാധ്യമാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഘടകം വിദ്യാഭ്യാസമാണ്. ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക് തുടർച്ചയായി രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിൽ എത്രയോ കാലം മുമ്പുതന്നെ ലിംഗസമത്വം കൈവരിച്ച നാടാണ് നമ്മുടേതെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലൊഴികെ മറ്റെല്ലാ മേഖലകളിലും പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനെക്കാൾ കൂടുതലാണ്. ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ 64 ശതമാനവും മെഡിക്കൽ, അനുബന്ധ ശാസ്ത്രങ്ങളിൽ 81 ശതമാനവും പ്രവേശനം നേടുന്നത് പെൺകുട്ടികളാണ്. പ്രൊഫഷണൽ യോഗ്യത, ഉന്നതവിദ്യാഭ്യാസം എന്നിവ നേടിയവരുടെ പട്ടികയിലും കേരളത്തിലെ സ്ത്രീകൾ തന്നെയാണ് മുന്നിലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എല്ലാക്കാലത്തും ഇതായിരുന്നില്ല കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ. ഒരുകാലത്ത് മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും, അവിടെ നിന്ന് തൊഴിലിടങ്ങളിലേക്കും അതിനൊക്കെ മുമ്പ് പാടങ്ങളിൽ നിന്ന് പെൺകുട്ടികളെ പള്ളിക്കൂടങ്ങളിലേക്കും ഒക്കെ നയിച്ചതിനു പിന്നിൽ വിവിധങ്ങളായ പ്രക്ഷോഭങ്ങളുടെ ഒരു വലിയ ചരിത്രം തന്നെയുണ്ട്. ഒരുകാലത്ത് വിദ്യാഭ്യാസത്തിനോ, തൊഴിലിനോ ഉള്ള അവകാശമില്ലാതെ, വീട്ടിനുള്ളിൽപോലും ആരാലും ഗൗനിക്കപ്പെടാതെ, അടിമ സമാനമായി കഴിഞ്ഞിരുന്ന മലയാളി സ്ത്രീ ഇന്ന് ലോകത്തെമ്പാടും വ്യത്യസ്ത മേഖലകളിൽ നേതൃപരമായ സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജാതി ജന്മി മേധാവിത്വത്തിനെതിരെ നടന്ന പോരാട്ടങ്ങളിലും സ്വാതന്ത്ര്യ സമരത്തിലും മറ്റും ധീരമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തവരാണ് നമ്മുടെ സ്ത്രീകൾ. സാമൂഹിക പരിഷ്ക്കരണ പ്രക്രിയയുടെയോ അവകാശ സമരങ്ങളുടെയോ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെയോ കേവലം ഗുണഭോക്താക്കൾ മാത്രമായിരുന്നില്ല അവർ. ചെറുത്തുനിൽപ്പുകളുടെയും ചോദ്യം ചെയ്യലുകളുടെയും ആയുധം കയ്യിലേന്തി കണ്ണീരും ചോരയും നനഞ്ഞ കനൽ വഴികൾ താണ്ടിയവരാണ് കേരളത്തിലെ സ്ത്രീകൾ.

ഇരുപതാം നൂറ്റാണ്ടിലെ ആദ്യ പകുതിയിൽ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് പുരുഷനും സ്ത്രീയും ഒന്നിച്ചാണ് ചാടിയിറങ്ങിയത്.

നിലപാടു കടുപ്പിച്ച് ലീഗ്; രാജ്യസഭാ സീറ്റിനും ആവശ്യം

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ മൂന്നാം സീറ്റിനുവേണ്ടിയുള്ള നിലപാടു കടുപ്പിച്ച് ലീഗ്. മൂന്നാം സീറ്റ് മാത്രമല്ല നേരത്തെ വിട്ടുകൊടുത്ത രാജ്യസഭാ സീറ്റ് തിരിച്ചു വേണമെന്ന് ആവശ്യപ്പെടാനും ലീഗ് തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ മൂന്നാമതൊരു സീറ്റ് നൽകാൻ തയാറല്ലെന്നാണ് കോൺഗ്രസ് നിലപാട്. ഒരു സീറ്റ് കൂടി ലീഗിനു നൽകിയാൽ സാമുദായിക സമവാക്യം പ്രശ്നമാകുമെന്നാണ് കോൺഗ്രസ് വിലയിരുത്തുന്നത്. ഈ നിലപാട് കഴിഞ്ഞ ദിവസം മലപ്പുറത്തുചേർന്ന നേതൃയോഗം അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇടതുമുന്നണിയിൽ സിപിഐക്കു ലഭിക്കുന്ന പരിഗണന ചൂണ്ടിക്കാട്ടിയാണ് യുഡിഎഫിൽ ലീഗിനു കൂടുതൽ പരിഗണന വേണമെന്ന അഭിപ്രായം പാർട്ടിയിൽ ഉയർന്നത്. ഒറ്റയ്ക്കു നിന്നാൽ ജയിക്കാത്ത സിപിഐക്ക് നാലു സീറ്റ് ഇടതുമുന്നണി കൊടുക്കുമ്പോൾ ഒറ്റയ്ക്കുനിന്നു ജയിക്കാൻ ശേഷിയുള്ള ലീഗിന് രണ്ടു സീറ്റാണ് യുഡിഎഫ് നൽകുന്നതെന്ന് പാർട്ടി നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

ഇത്തവണ വിട്ടുവീഴ്ച ചെയ്യേണ്ടതില്ലെന്നാണ് യോഗ തീരുമാനം. സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ദുബായിൽ പോവുകകയാണ്. 26നു തിരിച്ചുവന്നിട്ടു യോഗം ചേരും.

ഇ. ടി. മുഹമ്മദ് ബഷീർ, അബ്ദുസമദ് സമദാനി എന്നിവരാണു നിലവിലുള്ള ലീഗ് എംപിമാർ. നിലവിലുള്ള മലപ്പുറം, പൊന്നാനി സീറ്റുകൾക്ക് പുറമെ മൂന്നാമതൊരു സീറ്റ് കൂടി വേണമെന്ന ആവശ്യം പല തവണ യുഡിഎഫ് യോഗങ്ങളിൽ ഉന്നയിച്ചിരുന്നു.

അതേസമയം പുതിയൊരു സീറ്റിനായി ലീഗ് നേതാക്കൾ യുഡിഎഫിൽ സമ്മർദം ചെലുത്തുന്നുണ്ടെങ്കിലും കോൺഗ്രസ് നേതൃത്വത്തിൻറെ ഇടപെടൽ ശക്തമായതോടെ ലീഗ് നിലപാടിൽ അയവുവരുത്തിയേക്കുമെന്ന സൂചനയുണ്ട്.

കണ്ണൂർ, വയനാട് സീറ്റുകളിൽ ഏതെങ്കിലുമൊരു വിജയമുറപ്പുള്ള സീറ്റിലാണ് ലീഗ് ഉന്നമിട്ടിരുന്നത്. കണ്ണൂരിൻറെ കാര്യത്തിൽ കോൺഗ്രസിന് ഉറച്ച തീരുമാനം പറയാൻ കഴിയുന്നില്ല. കെ. സുധാകരൻ തന്നെ മത്സരിക്കുന്ന സാഹചര്യമുണ്ടായാൽ മുസ് ലിം ലീഗ് കാത്തിരിക്കുന്നതിൽ പ്രയോജനമുണ്ടാകില്ല.

വയനാട്ടിൽ രാഹുൽഗാന്ധി തന്നെ വീണ്ടുമെത്തിയാൽ ലീഗിനു സാധ്യത അടയും. ഇതോടെ ലോക്സഭാ സീറ്റിൻറെ കാര്യത്തിൽ പെട്ടെന്നൊരു തീരുമാനം യുഡിഎഫിൽ ഉരുത്തിരിയാനുള്ള സാധ്യത കുറവാണ്. മൂന്നാം സീറ്റ് ആവശ്യത്തിൽനിന്നു പിറകോട്ടു പോകുന്നതു പാർട്ടി പ്രവർത്തകരിൽ അതൃപ്തി ഉണ്ടാക്കുമെന്നു ലീഗ് നേതൃത്വത്തിന് ആശങ്കയുണ്ട്.

അതേസമയം കൂടുതൽ സീറ്റ് ആവശ്യപ്പെട്ട് യുഡിഎഫിനെ കടുത്ത സമ്മർദത്തിലാക്കരുതെന്ന് കോൺഗ്രസ് നേതൃത്വം ലീഗ് നേതാക്കളോട് ആവശ്യപ്പെട്ടതായാണ് അറിയുന്നത്. ലീഗിന് രാജ്യസഭാ സീറ്റ് നൽകണമെന്ന കാര്യത്തിൽ കോൺഗ്രസിന് അനുകൂല നിലപാടാണെന്നും സൂചനയുണ്ട്.

കൊയിലാണ്ടിയിൽ സിപിഎം ലോക്കൽ സെക്രട്ടറിയെ വെട്ടിക്കൊന്നു

കൊയിലാണ്ടി : സിപിഎം കൊയിലാണ്ടി ടൗൺ സെൻട്രൽ ലോക്കൽ സെക്രട്ടറി പുളിയോറ വയലിൽ പി.വി. സത്യനാഥൻ (66) ഉത്സവപ്പറമ്പിൽ വെട്ടേറ്റു മരിച്ചു. വ്യാഴാഴ്ച രാത്രി 10 മണിയോടെയാണ് സംഭവം. പെരുവട്ടൂരിലെ ചെറിയപ്പുറം ക്ഷേത്രത്തിൽ ഗാനമേള നടക്കുന്നതിനിടെ ക്ഷേത്രത്തിനു സമീപത്തു വച്ചാണ് വെട്ടേറ്റത്. പുറത്തും കഴുത്തിനും നാലു വെട്ടേറ്റു. ഉടൻ തന്നെ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ശരീരത്തിൽ മഴുകൊണ്ടുള്ള വെട്ടേറ്റതായി പൊലീസ് പറഞ്ഞു. അക്രമികളെക്കുറിച്ചുള്ള വിവരം ലഭ്യമായിട്ടില്ല. സിഐ മെൽവിൻ ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം ആശുപത്രിയിലെത്തി. മൃതദേഹം അൽപ സമയത്തിനുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊണ്ടുവരും.

സത്യനാഥന്റെ ഭാര്യ: ലതിക. മക്കൾ: മക്കൾ സലിൽനാഥ്, സെലീന. സഹോദരങ്ങൾ: വിജയൻ, രഘുനാഥ്, സുനിൽ. കൊയിലാണ്ടിയിൽ ഇന്ന് സിപിഎം ഹർത്താൽ പ്രഖ്യാപിച്ചു.

അധികാരത്തിലെത്തിയാൽ ഉപാധിരഹിത പട്ടയം നൽകും: വി. ഡി. സതീശൻ

കട്ടപ്പന: യുഡിഎഫ് അധികാരത്തിൽ വന്നാൽ ഇടുക്കിയിലെ ജനങ്ങൾക്കു ഉപാധിരഹിത പട്ടയം നൽകുമെന്നു പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരേ കെപിസിസി സംഘടിപ്പിച്ച സമരാഗ്നി പ്രക്ഷോഭയാത്രയ്ക്ക് കട്ടപ്പനയിൽ നൽകിയ സ്വീകരണത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇതേ വേദിയിൽ പിണറായി വിജയൻ പ്രഖ്യാപിച്ചു പോയ 1200 കോടി രൂപയുടെ ഇടുക്കി പാക്കേജ് പോലുള്ള വാഗ്ദാനമല്ലിത്. ഇതു യുഡിഎഫ് ഹൃദയത്തിൽ തൊട്ടു പറയുന്നതാണ്.

ഭൂപതിവ് 64 പ്രകാരം അർഹതപ്പെട്ട 3000 പേർക്കു പട്ടയം നിഷേധിച്ചിരിക്കുകയാണ്. കയ്യേറ്റക്കാർക്ക് പട്ടയം കൊടുക്കേണ്ടതില്ലെന്ന കോടതി വിധിയാണ് ഇതിനു കാരണമായി പറയുന്നത്. ഇവർ കയ്യേറ്റക്കാരല്ല കുടിയേറ്റ കർഷകരാണെന്ന് പറയാനുള്ള സത്യസന്ധത സർക്കാർ വക്കീലന്മാർ കാണിച്ചില്ല.

കൈയേറ്റക്കാരുടെ പട്ടയം റദ്ദാക്കിയ വിവരങ്ങൾ കോടതിയെ ബോധ്യപ്പെടുത്തേണ്ടിവരും. ആ കൂട്ടത്തിൽ സിപിഎമ്മിൻറെ മുൻ ഇടുക്കി എംപി മുതൽ ചിന്നക്കനാൽ പഞ്ചായത്ത് പ്രസിഡൻറ് വരെ ഉണ്ടാവും. പാർട്ടിയുടെ മുഖം രക്ഷിക്കാൻ 3000 കുടുംബങ്ങളുടെ നീണ്ട കാത്തിരിപ്പും പ്രതീക്ഷയുമാണ് തകർത്തത്.

മണിപ്പൂരിൽ 254 ക്രൈസ്തവ ദേവാലയങ്ങൾ ചുട്ടരിച്ചു. പുരോഹിതന്മാരുൾപ്പെടെ ഒട്ടേറെ പേരെ ജയിൽ അടച്ചു. ഇവർക്ക് സാന്ത്വനം പകരാൻ മോദി തയാറായില്ല. വെടിയൊച്ച മുഴങ്ങുന്ന മണിപ്പൂരിൻറെ തെരുവിലൂടെ നിർഭയനായി കടന്നു ചെന്നത് രാഹുൽ ഗാന്ധിയാണെന്നും സതീശൻ പറഞ്ഞു. ഒരു മകളുടെ പിതാവായ പിണറായിക്ക് എങ്ങനെയാണ് വണ്ടിപ്പെരിയാറിലെയും വാളയാറിലെയും പെൺകുഞ്ഞുങ്ങളുടെ ഘാതകരെ രക്ഷിക്കാൻ കഴിഞ്ഞതെന്നു കെപിസിസി പ്രസിഡൻറ് കെ സുധാകരൻ ചോദിച്ചു.

ഇഎം. അഗസ്തി അധ്യക്ഷത വഹിച്ചു.

വനിതാ ഐപിഎല്ലിന് ഇന്ന് തുടക്കം; ആദ്യമത്സരം മുംബൈയും ഡൽഹിയും തമ്മിൽ

മുംബൈ: വനിതാ ഐപിഎൽ രണ്ടാം സീസണിന് നാളെ തുടക്കം. രാത്രി എട്ടിന് ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാന്പ്യൻമാരായ മുംബൈ ഇന്ത്യൻസ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ജയൻറ്സ്, മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസ്, യുപി വാരിയേസ് എന്നീ ടീമുകളാണ് മത്സരരംഗത്തുള്ളത്. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലും ഡൽഹി അരുൺ ജെയ്റ്റിലി സ്റ്റേഡിയത്തിലുമായാണ് മത്സരങ്ങൾ.

പോയിൻറ് ടേബിളിൽ മുന്നിലെത്തുന്ന ടീം ഫൈനലിലേക്ക് നേരിട്ട് കടക്കും. രണ്ടും മൂന്നും സ്ഥാനത്തുള്ളവർ എലിമിനേറ്റർ മത്സരം കളിച്ച് ഫൈനൽ ഉറപ്പിക്കണം.

മലയാളിതാരമായ മിന്നുമണി ഡൽഹി ക്യാപിറ്റൽസിന് വേണ്ടിയാണ് കളിക്കുക. മുംബൈ ഇന്ത്യൻസ് ടീമിലെത്തിയ മറ്റൊരു വയനാട്ടുകാരി സജ്ന സജീവും പ്രീമിയർ ലീഗിൽ അരങ്ങേറ്റ മത്സരത്തിന് ഒരുങ്ങുകയാണ്.

സ്റ്റീഫൻ ദേവസ്സിയുടെ പിറന്നാൾ ഫെബ്രുവരി ഇരുപത്തിമൂന്നിനാണ്

സംഗീതത്തിന്റെ മാന്ത്രീക വലയം

മോഹൻ ശ്രീശൈലം

ചുരുങ്ങിയ കാലം കൊണ്ട് സംഗീത ലോകത്ത് തന്റേതായ ലോകം തീർത്തെ ചെറുപ്പക്കാരനാണ് സ്റ്റീഫൻ ദേവസ്സി. കലാഭവൻ മണി നാടൻ പാട്ടിന്റെ ഈരടി കൊണ്ടും ആരാധകരെ ആറാടിച്ചെങ്കിൽ ദേവസ്സി കീബോർഡിലെ മാന്ത്രിക വിരൽ സ്പർശത്തിൽ ആരാധകരെ ലഹരിയിലാഴ്ത്തി

ഒരു കീബോർഡിസ്റ്റാണ് സ്റ്റീഫൻ ദേവസ്സി. മലയാള ടെലിവിഷൻ ചാനലുകളിലൂടെയാണ് ഇദ്ദേഹം ശ്രദ്ധിക്കപ്പെട്ടത്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് പി കെ ദേവസ്സിയുടെയും സൂസി ദേവസ്സിയുടേയും മകനായി 1981 ഫെബ്രുവരി 23ന് ജനിച്ചു. ലെസ്ലി പീറ്റർ ആണ് സംഗീതത്തിൽ ഇദ്ദേഹത്തിന്റെ ഗുരു.

പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തൃശ്ശൂർ ചേതന മ്യൂസിക് അക്കാഡമിയിൽ പിയാനോ കോഴ്സിന് ചേർന്നു. ഇവിടെ നിന്നും ലണ്ടൻ ട്രിനിറ്റി കോളേജ് ഓഫ് മ്യൂസിക്കിന്റെ അംഗീകൃത കോഴ്സിൽ പിയാനോ 8 ആം ഗ്രേഡ് ഉയർന്ന മാർക്കോടെ വിജയിച്ചു. ഈ സ്കോർ ഏഷ്യയിലെ തന്നെ റെക്കോർഡ് ആണ്. 18ആം വയസ്സിൽ ഗായകൻ ഹരിഹരന്റെ ട്രൂപ്പിൽ അഗംമായി. തുടർന്ന് എൽ. സുബ്രഹ്മണ്യം, ശിവമണി, സാക്കിർ ഹുസൈൻ, അംജദ് അലിഖാൻ, എ.ആർ. റഹ്മാൻ, യു ശ്രീനിവാസ് തുടങ്ങിയവർക്കൊപ്പം പ്രവർത്തിച്ചു.

19ാം വയസ്സിൽ ഗായകൻ ഫ്രാങ്കോ ഗിറ്റാറിസ്റ്റ് സംഗീത് എന്നിവരുമൊത്ത് സെവൻ എന്ന മ്യൂസിക് ബാൻഡിനു രൂപം നൽകി. ഗോസ്പെൽ റോക്ക് ബാൻഡിന്റെ റെക്സിലെ കീബോർഡിസ്റ്റാണ് ഇദ്ദേഹം. ടൊറൊന്റോയിൽ വച്ചു ലോക യുവദിനത്തിനോടനുബന്ധിച്ചു നടന്ന കോൺഫറൻസിൽ ഭാരതത്തെ പ്രതിനിധാനം ചെയ്ത് റെക്സ് ബാൻഡ് നൊപ്പം ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ മുൻപിൽ സംഗീതം അവതരിപ്പിച്ചു.

ഹരിഹരൻപിള്ള ഹാപ്പിയാണ് എന്ന ചിത്രത്തിനു മാത്രമാണ് ഇദ്ദേഹം സംഗീതസംവിധാനം നിർവഹിച്ചത്. മറ്റു നിരവധി ചിത്രങ്ങളുടെ മ്യൂസിക് അറേഞ്ചർ ആയി സ്റ്റീഫൻ പ്രവർത്തിച്ചിട്ടുണ്ട്. റൊമാൻസാ, സേക്രഡ് ചാന്റ്സ് തുടങ്ങി ചില സംഗീത ആൽബങ്ങളും സ്റ്റീഫൻ തയ്യാറാക്കിയിട്ടുണ്ട്.

യമഹ ഇൻസ്ട്രുമെന്റ് കമ്പനി സ്റ്റീഫൻ ദേവസ്സിയെ ഔദ്യോഗിക കീബോർഡിസ്റ്റായി അംഗീകരിച്ചുള്ള പദവി നൽകി.

പ്രസവത്തിനിടെ അമ്മയും കുഞ്ഞും മരിച്ച സംഭവം: ആദ്യ ഭാര്യയുടെ പങ്ക് അന്വേഷിക്കും

തിരുവനന്തപുരം: വീട്ടിൽ നടന്ന പ്രസവത്തിനിടെ അമ്മയും കുഞ്ഞും മരിച്ച സംഭവത്തിൽ യുവതിയുടെ ഭർത്താവ് നയാസിന്റെ ആദ്യ ഭാര്യയും അധ്യാപികയുമായ ശാക്കിറയുടെ പങ്ക് അന്വേഷിക്കും. നേമം കാരയ്ക്കാമണ്ഡപത്തിന് സമീപമുള്ള വീട്ടിൽ പ്രസവം നടക്കുമ്പോൾ ശാക്കിറയും അക്യുപങ്ചർ വിദ്യാർത്ഥിയായ ഇവരുടെ മൂത്തമകളും ഒപ്പമുണ്ടായിരുന്നു. ചൊവ്വാഴ്ച വൈകിട്ടായിരുന്നു സംഭവം. വൈകിട്ട് 3.30ഓടെ പാലക്കാട് സ്വദേശിയും നയാസിന്റെ രണ്ടാം ഭാര്യയുമായ ഷെമീറയ്ക്ക് (36) പ്രസവവേദന ആരംഭിച്ചു. കുഞ്ഞിന്റെ തല ഭാഗികമായി പുറത്തുവന്നെങ്കിലും അമിതമായ രക്തസ്രാവമുണ്ടായി. തുടർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

റവന്യൂ അവാർഡുകൾ പ്രഖ്യാപിച്ചു; ജെറോമിക് ജോർജ് മികച്ച കളക്ടർ, തിരുവനന്തപുരം മികച്ച കളക്ടറേറ്റ്

റവന്യൂ, സർവേ ഭൂരേഖ വകുപ്പുകളിലെ മികച്ച ജീവനക്കാർക്കുള്ള 2024ലെ റവന്യൂ അവാർഡുകൾ റവന്യൂ മന്ത്രി കെ. രാജൻ പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജിനാണ് മികച്ച ജില്ലാ കളക്ടർക്കുള്ള പുരസ്കാരം. തിരുവനന്തപുരം കളക്ടറേറ്റ് മികച്ച കളക്ടറേറ്റായും തെരഞ്ഞെടുത്തു. വില്ലേജ് ഓഫിസർ മുതൽ ജില്ലാ കളക്ടർവരെയുള്ള ഉദ്യോഗസ്ഥർക്കും വിവിധ ഓഫിസുകൾക്കും സർവേ ഭൂരേഖാ വകുപ്പിലെ വിവിധ തസ്തികയിലുള്ള ജീവനക്കാർക്കുമാണു പുരസ്കാരങ്ങൾ നൽകുന്നത്. ഫെബ്രുവരി 24നു വൈകിട്ടു നാലിനു കണ്ണൂർ കളക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടക്കുന്ന റവന്യൂ ദിനാഘോഷ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

തലശേരി സബ് കളക്ടർ സന്ദീപ് കുമാറാണ് മികച്ച സബ് കളക്ടർ. മികച്ച ആർ.ഡി.ഒയായി പാലക്കാട് ആർ.ഡി.ഒ. ഡി. അമൃതവല്ലിയും മികച്ച റവന്യൂ ഡിവിഷണൽ ഓഫിസായി പാലക്കാട് ആർ.ഡി.ഒ. ഓഫിസും തെരഞ്ഞെടുക്കപ്പെട്ടു. ഡെപ്യൂട്ടി കളക്ടർ വിഭാഗത്തിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ) എസ്. സന്തോഷ് കുമാർ (ആലപ്പുഴ), എൽ.ആർ പി.എൻ. പുരുഷോത്തമൻ(കോഴിക്കോട്), ആർ.ആർ സച്ചിൻ കൃഷ്ണൻ (പാലക്കാട്), ഡി.എം. ഉഷ ബിന്ദുമോൾ കെ. (എറണാകുളം), എൽ.എ. ജേക്കബ് സഞ്ജയ് ജോൺ (തിരുവനന്തപുരം), എൽഎ എൻഎച്ച് ഷീജ ബീഗം യു. (തിരുവനന്തപുരം) എന്നിവർ പുരസ്കാരത്തിന് അർഹരായി.മികച്ച തഹസിൽദാർ (ജനറൽ) ആയി ഷാജി വി.കെ. (സുൽത്താൻബത്തേരി), ബെന്നി മാത്യു (കാഞ്ഞിരപ്പള്ളി), മനോജ് കുമാർ എം.കെ. (പയ്യന്നൂർ), അരുൺ ജെ.എൽ (നെയ്യാറ്റിൻകര) എന്നിവരും മികച്ച താലൂക്ക് ഓഫിസായി തൃശൂർ താലൂക്ക് ഓഫിസും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച തഹസിൽദാർ (എൽ.ആർ) വിഭാഗത്തിൽ സിതാര പി.യു (മാനന്തവാടി), സിമീഷ് സാഹു കെ.എം. (മുകുന്ദപുരം) എന്നിവരും തഹസിൽദാർ (എൽടി) വിഭാഗത്തിൽ ജയശ്രീ എസ്. വാര്യർ (സ്പെഷ്യൽ തഹസിൽദാർ (എൽ ആർ) കോഴിക്കോട്), മുരളീധരൻ ആർ. (സ്പെഷ്യൽ തഹസിൽദാർ (എൽടി) പാലക്കാട്) എന്നിവരും മികച്ച തഹസിൽദാർ (ആർ.ആർ) വിഭാഗത്തിൽ മുഹമ്മദ് ഷാഫി എം.എസ് (കണയന്നൂർ), മികച്ച തഹസിൽദാർ ലാൻഡ് അക്വിസിഷൻ വിഭാഗത്തിൽ ഷിഹാനാസ് കെ.എസ്. (എൽഎ ജനറൽ, തിരുവനന്തപുരം), സ്കിസി എ. (കിഫ്ബി കോഴിക്കോട്) എന്നിവരും മികച്ച സ്പെഷ്യൽ തഹസിൽദാർ (ലാൻഡ് അസൈൻമെന്റ്) വിഭാഗത്തിൽ രാജേഷ് സി.എസ്. (സ്പെഷ്യൽ തഹസിൽദാർ ഓഫിസ് എൽഎ 1 തൃശൂർ), മികച്ച സ്പെഷ്യൽ തഹസിൽദാർ (എൽ.എ. എൻ.എച്ച്) വിഭാഗത്തിൽ വല്ലഭൻ സി. (എൽ.എ. എൻ.എച്ച്. 966 ഗ്രീൻഫീൽഡ്, മഞ്ചേരി, മലപ്പുറം) എന്നിവരും അർഹരായി.

ഫെബ്രുവരി 24നു വൈകിട്ട് കണ്ണൂർ കളക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടക്കുന്ന റവന്യൂ ദിനാഘോഷ ചടങ്ങിൽ റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രൻ, കെ. രാധാകൃഷ്ണൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും സ്തുത്യർഹവുമായ സേവനങ്ങൾ നൽകിയ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത്, മികവിനുള്ള പുരസ്കാരങ്ങൾ നൽകുന്നത് വഴി പ്രവർത്തന മികവ് വർധിക്കാൻ മുഴുവൻ ജീവനക്കാർക്കുമുള്ള പ്രചോദനവും പ്രോത്സാഹനവുമാണ് പുരസ്കാരങ്ങൾ നൽകുന്നതിലൂടെ ലക്ഷ്യമാക്കുന്നതെന്നു റവന്യൂ മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മുളയറ കെ സ്റ്റോർ ഉദ്ഘാടനം

കിഫ്ബിയുടെ പേരിൽ നടന്നത് വൻ കൊള്ള: പി. സി. ജോർജ്

പുല്ലാട്: തുടർഭരണത്തിലെത്തിയ പിണറായി സർക്കാരിനെ കടക്കെണിയിൽ എത്തിച്ചത് കഴിഞ്ഞ സർക്കാരിലെ ധനമന്ത്രിയായിരുന്ന തോമസ് ഐസക്കിൻറെ നയങ്ങളാണെന്ന് പി. സി. ജോർജ്. കിഫ്ബിയുടെ പേരിൽ നടന്നത് വൻകൊള്ളയാണെന്നും ഒളിക്കാനൊന്നുമില്ലെങ്കിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിൻറെ മുൻപിൽ നേരിട്ടു ഹാജരാകാമല്ലോയെന്നും പി. സി. ജോർജ് പറഞ്ഞു.

തോമസ് ഐസക്ക് സ്ഥാനാർഥിയായാൽ പത്തനംതിട്ട മണ്ഡലത്തിൽ എൽഡിഎഫ് ഇക്കുറി മൂന്നാംസ്ഥാനത്തെത്തുമെന്നും അദ്ദേഹം പറഞ്ഞു.

ബിജെപിയിൽ ചേർന്ന തന്നോടു പത്തനംതിട്ട മണ്ഡലത്തിൽനിന്നു ലോക്സഭയിലേക്ക് ആവശ്യപ്പെട്ടാൽ പൂർണ മനസോടെ മത്സരിക്കുമെന്നും മത്സരിച്ചാൽ വൻഭൂരിപക്ഷത്തോടെ വിജയിക്കുമെന്നും ജോർജ് പറഞ്ഞു.

കർഷക സമരത്തെ അടിച്ചമർത്താനുള്ള നീക്കം അവസാനിപ്പിക്കണം

പത്തനംതിട്ട: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകരുടെ നേതൃത്വത്തിൽ നടക്കുന്ന ദില്ലി ചലോ മാർച്ചിനെ അടിച്ചമർത്തുവാനുള്ള കേന്ദ്ര സർക്കാർ നീക്കം അവസാനിപ്പിക്കണമെന്നു ദളിത് സമുദായ മുന്നണി കോഴഞ്ചേരി താലൂക്ക് കമ്മിറ്റി ആവശ്യപ്പെട്ടു.

ദളിത് സമുദായ മുന്നണി സെക്രട്ടേറിയറ്റംഗം മേലൂട് ഗോപാലകൃഷ്ണൻ താലൂക്ക് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി പി. എ. പ്രസാദ്, ഭാരവാഹികളായ ബിജോയ് ഡേവിഡ്, രാജൻ കൈതക്കാട്, ഗോപിനാഥ് കുളനട, അനിൽകുമാർ, വിൽസൺ ആറന്മുള, മുകുന്ദൻ ഓമല്ലൂർ, ജയ എസ്. രാജ്, രാധിക എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി ഗോപിനാഥ് കുളനട പ്രസിഡൻറ്, വിൽസൺ ആറന്മുള സെക്രട്ടറി, മുകുന്ദൻ ഓമല്ലൂർ ട്രഷറർ എന്നിവരെ തെരെഞ്ഞെടുത്തു.

തകഴി അനുസ്മരണവും നാഗസ്വരാർച്ചനയും

അമ്പലപ്പുഴ: തകഴി ധർമശാസ്താ ക്ഷേത്രത്തിൽ 150മത് തകഴി ശിവശങ്കരപ്പണിക്കർ അനുസ്മരണവും നാഗസ്വരാർച്ചനയും പുരസ്കാര സമർപ്പണവും സംഘടിപ്പിച്ചു. രാവിലെ ക്ഷേത്രാങ്കണത്തിൽ നടന്ന പരിപാടി തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി ജി. ബൈജു ഉദ്ഘാടനം ചെയ്തു. സംഗീതശ്രേഷ്ഠാ പുരസ്കാരം നാഗസ്വര വിദ്വാൻ പൂഞ്ഞാർ ഗോപാലകൃഷ്ണപ്പണിക്കർക്കും വാദ്യ ശ്രേഷ്ഠാ പുരസ്കാരം തുറവൂർ ജയകുമാറിനും സമ്മാനിച്ചു. നാഗസ്വരത്തിൽ പ്രതിഭ തെളിയിച്ച മാസ്റ്റർ ജി. ഗൗതം ദാസ്, ജി. അശ്വിൻ ദാസ്, മാസ്റ്റർ അനന്ത കൃഷ്ണൻ, വയലിനിൽ പ്രതിഭ തെളിയിച്ച കുമാരി ദേവീകൃഷ്ണ, ഭരത് കൃഷ്ണ, ഭരതനാട്യത്തിൽ മികവ് തെളിയിച്ച കുമാരി ദേവു എസ്. ദിലീപ് എന്നിവരെയും ചടങ്ങിൽ അനുമോദിച്ചു. ക്ഷേത്രോപദേശക സമിതി പ്രസിഡൻറ് പി.കെ. വാസുദേവൻ അധ്യക്ഷത വഹിച്ചു. അസി. ദേവസ്വം കമ്മീഷണർ പി.ആർ. ശ്രീശങ്കർ, തകഴി ദേവസ്വം മാനേജർ എസ്. മധു, അജിത് കുമാർ തകഴി, നാഗസ്വര വിദ്വാൻ മങ്കൊമ്പ് രാജൻ, തിടനാട് സന്തോഷ് കുമാർ, തകഴി അനീഷ് എന്നിവർ പ്രസംഗിച്ചു.

മുട്ടം കോടതിയിലെ മോഷണ ശ്രമം: അന്വേഷണം ഊർജിതം

മുട്ടം: ജില്ലാ കോടതിയിൽ നടന്ന മോഷണം സംബന്ധിച്ച് പോലീസ് അന്വേഷണം ഊർജിതമാക്കി. കഴിഞ്ഞ ബുധനാഴ്ചയാണ് മോഷണ ശ്രമം നടന്നത്. എംഎസിടി കോടതി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, പബ്ലിക് പ്രോസിക്യൂട്ടർ എന്നീ ഓഫീസുകൾ മോഷ്ടാക്കൾ കുത്തിപ്പൊളിച്ചിരുന്നു.

വിരലടയാള വിദഗ്ധർ നടത്തിയ പരിശോധനയിൽ പതിനെട്ടോളം വിരലടയാളങ്ങൾ കണ്ടെത്തി. ഇതിൻറെ അടിസ്ഥാനത്തിൽ വിശദവും സൂക്ഷ്മവുമായ പരിശോധന നടത്തി മോഷ്ടാക്കളെ കണ്ടെത്താൻ കഴിയുമോയെന്നാണ് പോലീസ് പരിശോധിക്കുന്നത്. നേരത്തേ മോഷണം നടത്തിയിട്ടുള്ളവരുടെ വിവരങ്ങളും വിരലടയാളങ്ങളുമെല്ലാം പോലീസ് പരിശോധനാവിധേയമാക്കും.

കോടതിമുറിയിൽ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും ഫയലുകൾ കടത്തുകയായിരുന്നോ മോഷ്ടാക്കളുടെ ലക്ഷ്യം എന്ന കാര്യവും പോലീസ് നിരീക്ഷിക്കുന്നുണ്ട്. കോടതിയിൽ നടന്ന സംഭവമായതിനാൽ അതീവ ഗൗരവത്തോടെയാണ് പോലീസിൻറെ അന്വേഷണം മുന്നോട്ടുനീങ്ങുന്നത്.

സാംസ്കാരിക വകുപ്പിൽ ജില്ലാ കോഓർഡിനേറ്റർമാർ

സംസ്ഥാന സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ഓരോ കോഓർഡിനേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാലയിൽ നിന്നു നേടിയ ബിരുദവും കലാസാംസ്കാരിക രംഗത്ത് കുറഞ്ഞത് മൂന്നു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പ്രായം 2024 ജനുവരി 1 ൽ 40 വയസ് പൂർത്തിയാകാൻ പാടില്ല. പ്രതിമാസം യാത്രാബത്ത ഉൾപ്പെടെ 30,000 രൂപ വേതനം നൽകും. താത്പര്യമുള്ളവർ മാർച്ച് 22ന് മുൻപായി യോഗ്യത, വയസ്, പ്രവൃത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സഹിതം http://www.culturedirectorate.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും വെബ്സൈറ്റ് സന്ദർശിക്കുക.

എം. ബി. എ പ്രവേശന പരീക്ഷാ അഡ്മിറ്റ് കാർഡ്

മാർച്ച് മൂന്നിന് നടത്തുന്ന എം.ബി.എ കോഴ്സ് പ്രവേശന പരീക്ഷയായ കെമാറ്റിന്റെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ ൦൦൦.രല ല.സല്യമഹമ.ഴീ.ശി ൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അത്തരം അപേക്ഷകർക്ക് വെബ്സൈറ്റിലൂടെ മാർച്ച് ഒന്നിന് ഉച്ചയ്ക്ക് രണ്ട് മണിക്കു മുമ്പ് ഓൺലൈൻ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡുകൾ ലഭ്യമാകും. വിശദ വിവരങ്ങൾ വെബ്സൈറ്റിലുണ്ട്. ഫോൺ: 0471 252 5300.

പോക്സോ കേസിൽ പരാതി നൽകാനെത്തിയ അമ്മയും മകളും കാത്തുനിന്നത് നാല് മണിക്കൂർ

കോഴിക്കോട്: പോക്സോ കേസിൽ പരാതി നൽകാനായി എത്തിയ അമ്മയും മകളും പോലീസ് സ്റ്റേഷനിൽ കാത്തുനിന്നത് നാല് മണിക്കൂർ. കോഴിക്കോട് എലത്തൂർ പോലീസ് സ്റ്റേഷനിലാണ് സംഭവം. ഉച്ചയ്ക്ക് ഒന്നരയോടെസ്റ്റേഷനിലെത്തിയ ഇരുവരും വൈകിട്ട് ആറ് വരെ കാത്തുനിൽക്കേണ്ടിവന്നു. മണിക്കൂറുകൾ കാത്തുനിന്ന കുട്ടി പോലീസ് സ്റ്റേഷനിൽ തളർന്നുവീഴുകയും ചെയ്തു.

സംഭവത്തിൽ പോലീസിനുണ്ടായ വീഴ്ച ചൂണ്ടിക്കാട്ടി നിയമനടപടിക്ക് ഒരുങ്ങുകയാണ് ബന്ധുക്കൾ. സ്കൂളിൽനിന്ന് മടങ്ങുന്നതിനിടെ ബസിൽവച്ച് യാത്രക്കാരൻ കുട്ടിയോട് മോശമായി പെരുമാറുകയായിരുന്നു. തുടർന്ന് കുട്ടി ബഹളമുണ്ടാക്കി യാത്രക്കാരെ വിവരമറിയിക്കുകയും ഫോണിൽ വിളിച്ച് വീട്ടിൽ കാര്യങ്ങൾ അറിയിക്കുകയും ചെയ്തു.

തുടർന്ന് കുട്ടിയെ ഉപദ്രവിച്ച കാട്ടിലപ്പീടിക സ്വദേശി സജീവനെ മറ്റ് യാത്രക്കാർ ചേർന്ന് പോലീസ് സ്റ്റേഷനിൽ എത്തിക്കുകയായിരുന്നു. പിന്നാലെയാണ് പരാതി നൽകാനായി കുട്ടിയും അമ്മയും സ്റ്റേഷനിലെത്തി മണിക്കൂറുകൾ കാത്തുനിൽക്കേണ്ടി വന്നത്. എന്നാൽ ജീവനക്കാർ മന്ത്രി ശശീന്ദ്രന് എസ്കോർട്ട് പോയതിനാലും വനിതാ പോലീസുകാർ ഇല്ലാതിരുന്നതിനാലുമാണ് നടപടികൾ നീണ്ടുപോയതെന്ന് പോലീസ് അറിയിച്ചു.

ആലുവ ശിവരാത്രി വ്യാപാര മേള: കരാർ റദ്ദാക്കി

ആലുവ: ഹൈക്കോടതി ഉത്തരവിനെതുടർന്ന് മണിക്കൂറുകൾക്കുള്ളിൽ മണപ്പുറത്തെ ശിവരാത്രി വ്യാപാരമേളയും അമ്യൂസ്മെൻറെ പാർക്ക് നടത്തിപ്പും ആദ്യം ഒഴിവാക്കിയ ഒന്നാം സ്ഥാനസ്ഥാപനവുമായി ആലുവ നഗരസഭ ഒപ്പിട്ടു.

ഇന്നലെ വൈകിട്ട് അഞ്ചിനകം ഒന്നാം കക്ഷിയുമായി കരാർ വയ്ക്കണമെന്ന കോടതി നിർദേശം മുൻനിർത്തിയാണ് ഷാ എൻറർടെയ്ൻമെൻറുമായി ആലുവ നഗരസഭ സെക്രട്ടറി പി. ജെ. ജെസിന്ത കരാർ ഒപ്പുവച്ചത്.

രണ്ടാം സ്ഥാനത്തെ ഫൺ വേൾഡിന് 77 ലക്ഷം രൂപയ്ക്ക് ആലുവ നഗരസഭ നൽകിയ കരാർ റദ്ദാക്കിയാണ് ഒന്നാം സ്ഥാനക്കാരന് നടത്തിപ്പ് ചുമതല തിരികെ ലഭിക്കുന്നത്. കരാർ തുകയായ 1,48,58,464ൽ ബാക്കിയുള്ള മൂന്നര ലക്ഷം രൂപകൂടി വൈകിട്ട് നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ഷാ ഗ്രൂപ്പ് നിക്ഷേപിച്ചു. മൂന്ന് ലക്ഷം രൂപ നിരതദ്രവ്യം വ്യാപാര മേളയ്ക്ക് ശേഷം മടക്കി നൽകും. നഗരസഭയുടെ അനുമതി പത്രം കൂടി ഇന്ന് ലഭിക്കുന്നതോടെ ഷാ ഗ്രൂപ്പിന് മണപ്പുറത്ത് നിർമാണം തുടങ്ങാം.

കഴിഞ്ഞ ആഴ്ച മുതൽ നിർമാണം തുടങ്ങിയ ഫൺ വേൾഡ് മണപ്പുറത്ത് ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഷെഡുകൾ, റൈഡുകൾ സാധന സാമഗ്രികൾ എന്നിവ നീക്കം ചെയ്യുന്നതിന് ഒരു ദിവസം നൽകിയിട്ടുണ്ട്. ഷാ ഗ്രൂപ്പ് അവസാന തിയതിയായ 29നകം പണം അടയ്ക്കാതിരുന്നതിനാലാണ് രണ്ടാം സ്ഥാനക്കാരായ ഫൺ വേൾഡിന് കരാർ നൽകിയത്. രണ്ടാം സ്ഥാനക്കാരനുമായി നഗരസഭയുണ്ടാക്കിയ കരാർ കോടതി റദ്ദാക്കുകയും ഒന്നാം സ്ഥാനക്കാരനുമായി ഫെബ്രുവരി 20നകം കരാർ ഉണ്ടാക്കണമെന്നുമാണ് നിർദേശിച്ചത്.

ഹൈക്കോടതി ഉത്തരവിനെതിരെ നഗരസഭയും ടെണ്ടറിലെ രണ്ടാം സ്ഥാനക്കാരായ നിലവിലെ വ്യാപാരമേളയുടെ കരാറുകാരുമായിരുന്ന ഫൺ വേൾഡും ഡിവിഷൻ ബെഞ്ചിന് സമീപിച്ചിരുന്നെങ്കിലും കേസ് ഇന്നത്തേക്ക് മാറ്റിയതാണ് തിരിച്ചടിയായത്. ശനിയാഴ്ച വന്ന കോടതിയുടെ ആദ്യ വിധിയിൽ അപ്പീൽ നൽകാൻ നഗരസഭ വൈകുകയും ചെയ്തു.

ടെൻഡറിൽ 1.17 കോടി രൂപ ക്വാട്ട് ചെയ്തിരുന്ന ഷാ എൻറർടെയ്ൻമെൻറിനെ ഒഴിവാക്കി 77 ലക്ഷം രൂപക്ക് ഫൺ വേൾഡിന് കരാർ നൽകിയതാണ് കോടതി ഇടപെടാൻ കാരണം. ഉടമ ആദിൽ ഷാ നൽകിയ ഡബ്ലിയുപി (സി) 4602/24 നമ്പരിലുള്ള കേസിൽ ഇതുവരെയുള്ള നടപടിക്രമങ്ങൾ പരിഗണിച്ചപ്പോഴാണ് നഗരസഭയുടെ തീരുമാനം കോടതി റദ്ദാക്കിയത്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ അതീവ ഗൗരവത്തോടെ കാണുന്നു: മുഖ്യമന്ത്രി

കൊച്ചി: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ അതീവ ഗൗരവത്തോടെ സർക്കാർ കാണുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സമീപകാലത്തെ പോലീസ് നടപടികൾ കണ്ടാൽ ഇത് വ്യക്തമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നെടുമ്പാശേരി സിയാൽ കൺവൻഷൻ സെൻററിൽ നടത്തിയ നവകേരള സ്ത്രീസദസിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന കുറ്റകൃത്യങ്ങളിൽ, കുറ്റവാളി എത്ര ഉന്നതനായാലും അവരെ നിയമത്തിനു മുന്നിലെത്തിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലിടങ്ങളിലും ഓഫീസുകളിലും നേരിടുന്ന ശാരീരിക, മാനസിക പീഡനങ്ങളെ സംബന്ധിച്ച സ്ത്രീകളുടെ പരാതികളിൽ സമയബന്ധിതമായി തീർപ്പുണ്ടാകുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സ്ത്രീപക്ഷ നവകേരളം യാഥാർഥ്യമാക്കുന്നതിനുള്ള ചർച്ചകൾക്കും നിർദേശങ്ങൾ സ്വരൂപിക്കുന്നതിനുമാണ് വിവിധ മേഖലകളിലുള്ള സ്ത്രീകളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിച്ചത്. വിവിധ മേഖലകളിൽ നിന്നുള്ള രണ്ടായിരത്തോളം സ്ത്രീകൾ പങ്കെടുത്ത പരിപാടിയിൽ ആരോഗ്യമന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

മന്ത്രിമാരായ പി. രാജീവ്, ആർ. ബിന്ദു, ജെ. ചിഞ്ചു റാണി എന്നിവരും അൻവർ സാദത്ത് എംഎൽഎ, വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ തുടങ്ങിയവരും പങ്കെടുത്തു. ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വം വഹിക്കുന്നവർ, വകുപ്പ് മേധാവികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യവിദ്യാഭ്യാസ വ്യവസായകാർഷിക മേഖലകളിലെ പ്രതിനിധികൾ, പരമ്പരാഗത വ്യവസായ മേഖല, ഐടി, കലാ സാഹിത്യ കായിക മേഖലകൾ, ആദിവാസി, ട്രാൻസ് വനിതകൾ, തുടങ്ങി സമൂഹത്തിൻറെ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള സ്ത്രീകളുടെ പങ്കാളിത്തത്തോടെയാണ് സദസ് സംഘടിപ്പിച്ചത്.

28 കോളേജുകളിലെ റൂസ പദ്ധതികൾ പൂർത്തിയായി: മന്ത്രി ഡോ. ആർ ബിന്ദു

സംസ്ഥാനത്തെ 28 കോളേജുകളിൽ കൂടി റൂസ പദ്ധതിയിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി. പൂർത്തിയാക്കിയ പദ്ധതികൾ ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ. ബിന്ദു നാടിനു സമർപ്പിച്ചു.ഗവേഷണാത്മക പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ തുടക്കം മുതൽ പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി പറഞ്ഞു. സമൂഹത്തിന്റെ തീക്ഷ്ണ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന രീതിയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തണം.

തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കണം. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്തുന്നതിന് സ്കിൽ എൻഹാൻസ്മെന്റിനുള്ള നിരവധി പദ്ധതികളും പ്രവർത്തനങ്ങളുമാണ് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നത്. കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ ആഭിമുഖ്യം വളർത്തുന്നതിനും അവരുടെ സംരംഭകത്വ താല്പര്യം ഉയർത്തുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങളും നടക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

റൂസ പദ്ധതിയിലൂടെ 35 കോടിയിലധികം രൂപ മുടക്കി പൂർത്തിയാക്കിയ അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾക്കായി സമർപ്പിച്ചത്. 15 അക്കാദമിക് ബ്ലോക്കുകൾ (61 ക്ലാസ് മുറികൾ), മൂന്ന് ഓഡിറ്റോറിയങ്ങൾ/സെമിനാർ ഹാളുകൾ, രണ്ട് ഭരണനിർവ്വഹണ ബ്ലോക്കുകൾ, ഭക്ഷണശാല, പരീക്ഷാ കേന്ദ്രം, ആറ് കമ്പ്യൂട്ടർ ലാബുകൾ/ഡിജിറ്റൽ ലൈബ്രറികൾ, നാല് ഹോസ്റ്റലുകൾ/ജീവനക്കാരുടെ ക്വാർട്ടേഴ്സ് എന്നിവയാണ് പുതിയതായി നിർമ്മിച്ചത്. കൂടാതെ ക്ലാസ് മുറികൾ, ലൈബ്രറികൾ, ഭരണനിർവ്വഹണ ബ്ലോക്കുകൾ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്.

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ്

മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ എൻറോൾമെന്റ് ആരംഭിച്ചു. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. മത്സ്യബന്ധന സമയത്തും അല്ലാതെയുമുള്ള അപകട മരണമോ അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. ആളൊന്നിന് 509 രൂപ പ്രീമിയം നൽകി മാർച്ച് 31 വരെ അംഗങ്ങളാകാം. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങളാകേണ്ടത്. കൂടുതൽ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ നിന്നും ക്ലസ്റ്റർ ഓഫീസുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കും.

ഭക്ഷ്യമേഖലയിൽ നിക്ഷേപകരെ ആകർഷിച്ച് കെഎസ്ഐഡിസിയുടെ ദുബായ് ഇൻവസ്റ്റർ കോൺക്ലേവ്

തിരുവനന്തപുരം: സംസ്ഥാനത്തെ ഭക്ഷ്യ വ്യവസായമേഖലയിൽ നിക്ഷേപം ആകർഷിക്കാൻ ലക്ഷ്യം വച്ച് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷൻ (കെഎസ്ഐഡിസി) ദുബായിൽ ഒരുക്കിയ നിക്ഷേപക സംഗമത്തിൽ പങ്കെടുത്തത് നിക്ഷേപകരും സംരംഭകരും അഭ്യുദയകാംക്ഷികളുമടക്കം നൂറോളം പേർ. ഇൻവസ്റ്റ് കേരള എന്ന പ്രമേയത്തിലൊരുക്കിയ സമ്മേളനത്തിൽ കേരളത്തിലെ ഭക്ഷ്യ ശീലങ്ങളും ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പുതിയ സാങ്കേതികവിദ്യകളും സാധ്യതകളും നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിച്ചു.

ദുബായ് വേൾഡ് ട്രേഡ് സെൻററിൽ നടന്ന അഞ്ച് ദിവസത്തെ ഗൾഫുഡ് 2024 പ്രദർശനത്തിൻറെ പശ്ചാത്തലത്തിലായിരുന്നു നിക്ഷേപ സംഗമം സംഘടിപ്പിച്ചത്. റിറ്റ്സ് കാൾട്ടൻ ഹോട്ടലിൽ വച്ച് നടത്തിയ സംഗമത്തിൽ ഭക്ഷ്യമേഖലയെ സംസ്ഥാനത്തെ സുപ്രധാന നിക്ഷേപസാധ്യതയുള്ള ഇടമായി അവതരിപ്പിക്കാനും കെഎസ്ഐഡിസിയ്ക്ക് സാധിച്ചു.

സംസ്ഥാനത്തെ ഭക്ഷ്യ മേഖലയിലെ ആവാസവ്യവസ്ഥയെക്കുറിച്ച് വ്യവസായനോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല വിശദമായ അവതരണം നടത്തി. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് മെഗാ ഫുഡ് പാർക്കുകൾ, അഞ്ച് ഭക്ഷ്യസംസ്ക്കരണ പാർക്കുകൾ, മിനി ഫുഡ് പാർക്കുകൾ എന്നിവ കേരളത്തിലെ മികച്ച അടിസ്ഥാന സൗകര്യത്തെ കാണിക്കുന്നു. സുഗന്ധവ്യഞ്ജനങ്ങളിലെ പൈതൃകം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സ്പൈസസ് പാർക്കും കേരളത്തിൻറെ മുതൽക്കൂട്ടാണ്.

ഭക്ഷ്യമേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി ദുബായിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ കെഎസ്ഐഡിസി എംഡിയും വ്യവസായവാണിജ്യവകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ സംസാരിക്കുന്നു. വ്യവസായവാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ദുബായിലെ ഇന്ത്യൻ അമ്പാസിഡർ സഞ്ജയ് സുധീർ, ഫുഡ് ആൻഡ് ബിവറേജ് മാനുഫാക്ചറിംഗ് ബിസിനസ് ഗ്രൂപ്പ് ചെയർമാൻ സലേഹ് അബ്ദുള്ള ലൂത്താഹ് എന്നിവർ സമീപം.

അസംസ്കൃത ഭക്ഷ്യ വസ്തുക്കളിൽ നിന്ന് എളുപ്പത്തിൽ സംസ്കൃത വസ്തുക്കളിലേക്കുള്ള പരിവർത്തനം സാധ്യമാക്കുന്ന നൂതനത്വം നിറഞ്ഞ സംവിധാനമാണ് കേരളത്തിനുള്ളത്. ഫലഭൂയിഷ്ഠമായ മണ്ണും പ്രകൃതി കനിഞ്ഞനുഗ്രഹിച്ച അന്തരീക്ഷവും കാർഷിക ഉത്പാദനത്തിൽ കേരളത്തിലെ മുൻപന്തിയിലെത്തിക്കുന്നു. നിക്ഷേപകർ കാണിച്ച താത്പര്യം പരിഗണിച്ച് കേരളത്തിലെ ഭക്ഷ്യമേഖലയിലേക്ക് അവരെ ക്ഷണിക്കുകയാണെന്നും സുമൻ ബില്ല കൂട്ടിച്ചേർത്തു.

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ മേഖലയിൽ വിദേശ നിക്ഷേപം ആകർഷിക്കുന്നതിനോടൊപ്പം ഗൾഫ് മേഖലയിൽ നിന്നുള്ള വാണിജ്യം വളർത്തുന്നതിനുമുള്ള സാധ്യതകളാണ് നിക്ഷേപ സംഗമത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന് കെഎസ്ഐഡിസി എംഡിയും വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ പറഞ്ഞു. ഭക്ഷ്യമേഖലയിലുന്നിയ ആവാസ വ്യവസ്ഥയിൽ ആഭ്യന്തരവിദേശനിക്ഷേപങ്ങൾ ഒരുപോരെ ആകർഷിക്കുന്നതിനുള്ള സാഹചര്യമാണ് ഒരുക്കുന്നത്.

അസംസ്കൃത ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും മികച്ച ഉത്പാദനശൃംഘലയുമുള്ള മികച്ച നിക്ഷേപസാധ്യതയാണുള്ളത്. അതിനോടൊപ്പം കേരളത്തിൻറെ നാഗരിക സംസ്ക്കാരവും അന്താരാഷ്ട്ര വിപണിയിൽ മികച്ച അവസരങ്ങൾ സൃഷ്ടിക്കുകയും വിപുലീകരണത്തിനും വളർച്ചയ്ക്കുമുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

യുഎഇയിലെ ഇന്ത്യൻ അമ്പാസിഡർ സഞ്ജയ് സുധീർ, ഫുഡ് ആൻഡ് ബിവറേജ് മാനുഫാക്ചറിംഗ് ബിസിനസ് ഗ്രൂപ്പ് ചെയർമാൻ സലേഹ് അബ്ദുള്ള ലൂത്താഹ് എന്നിവരും സംസാരിച്ചു.

ഗൾഫുഡ് 2024 ൽ കേരള പവലിയനിൽ പങ്കെടുത്ത സഹപ്രദർശകരായ ബീക്രാഫ്റ്റ് ഹണി, ക്രീം ബെറി യോഗർട്ട്, ഫൂ ഫുഡ്സ്, ഗ്രെൻവ്യൂ ടീ, ഗ്ലോബൽ നാച്വറൽ ഫുഡ് പ്രോസസിംഗ് കമ്പനി, ഹാരിസൺസ് മലയാളം, മലബാർ നാച്വറൽ ഫുഡ്സ്, മഞ്ഞിലാസ് ഫുഡ് ടെക്, നാസ് ഫുഡ് എക്സിം, പവിഴം റൈസ്, പ്രോടെക് ഓർഗാനോ, വെളിയത്ത് ഫുഡ് പ്രൊഡക്ട്സ്, എന്നിവർക്ക് നിക്ഷേപകരുമായി ആശയവിനിമയം നടത്താനുള്ള അവസരവും സംഗമത്തിൽ ഒരുക്കിയിരുന്നു.

സംസ്ഥാന വ്യവസായ നയം 2023 നടപ്പിൽ വന്നതിനു ശേഷം കേരളത്തിലെ ഭക്ഷ്യവ്യവസായം വൻ കുതിപ്പാണ് നടത്തിയത്. രാജ്യത്തെ കാർഷികോത്പാദന മേഖലയിൽ മികച്ച പങ്കാളിത്തമാണ് സംസ്ഥാനം വഹിക്കുന്നത്. കുരുമുളകിൽ 97 ശതമാനവും, കോക്കൊയിൽ 70 ശതമാനവും കശുവണ്ടി, കാപ്പി, തേങ്ങ, സമുദ്രോത്പന്നം എന്നിവയിൽ ഗണ്യമായ വിഹിതവും കേരളത്തിൽ നിന്നാണ്.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, സെൻറർ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള കാർഷിക സർവകലാശാല എന്നിവയിലൂടെ നൂതനത്വവും മികവും സംസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. വരും നാളുകളിൽ രാജ്യത്തിനകത്തും പുറത്തും ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിൽ കേരളത്തിലെ പേര് ഉയർന്നു കേൾക്കും

കേന്ദ്ര വിദ്യാഭ്യാസ നയത്തിലെ അപാകതകൾ പരിഹരിക്കണം: കെഎസ്എസ്ടിഎഫ്

മലപ്പുറം: കേന്ദ്രസർക്കാരിൻറെ പുതിയ വിദ്യാഭ്യാസ നയം വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും വിധേയമാക്കണമെന്ന് കേരള സ്റ്റേറ്റ് സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് (കെഎസ്എസ്ടിഎഫ്) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

കേരള കോൺഗ്രസ് ജില്ലാ പ്രസിഡൻറ് ജോണി പുല്ലന്താണി സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് ജിമ്മിമാത്യു അധ്യക്ഷത വഹിച്ചു. കെഎസ്എസ്ടിഎഫ് സംസ്ഥാന സെക്രട്ടറി ജെയിംസ് കോശി, പി.ടി. തോമസ്, സി.കെ. കൃഷ്ണകുമാർ, എം.എസ്. ജ്യോതിഷ്, ജോർജ് സി. പോൾ, ഒ.ഐ. ജോസ്, മോഹൻ രാകേഷ്, റെനിരാജ് എന്നിവർ പ്രസംഗിച്ചു.

വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാർ ന്യൂനപക്ഷങ്ങളോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക, നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർക്ക് നിയമനം നൽകുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. ഭാരവാഹികളായി ജിമ്മി മാത്യു (പ്രസിഡൻറ്), മോഹൻ രാകേഷ് (സെക്രട്ടറി), ജിജോ മോഹൻ (ട്രഷറർ), ജെയിംസ് കോശി, റെനി രാജ് (സംസ്ഥാന കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പെർട്ട് (അഗ്രികൾച്ചർ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

ഒരു ഒഴിവാണുള്ളത്. സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പ്, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവയിൽ 4250087000 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടറുടെ റാങ്കിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. നീർത്തടാധിഷ്ഠിത പ്ലാനിംഗിൽ ചുരുങ്ങിയത് അഞ്ചു വർഷത്തെ സജീവ പ്രവർത്തന പരിചയമുള്ളവർക്കു മുൻഗണന.

കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖേന അപേക്ഷിക്കണം.

അപേക്ഷകൾ മാർച്ച് 12നു വൈകിട്ട് അഞ്ചിന് മുമ്പ് ലഭിക്കണം. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3 ാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം695033 എന്ന വിലാസത്തിലാണ് അയക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്: 0471 2313385, www.nregs.kerala.gov.in .

ആറ്റുകാൽ പൊങ്കാല: ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാൻ ആക്ഷൻ പ്ലാൻ

*** പൊങ്കാല ദിവസം പ്രത്യേക മെഡിക്കൽ ടീമുകൾ**

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ജില്ലാതല ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികൾ, പ്രായമായവർ തുടങ്ങി പതിനായിരക്കണക്കിന് സ്ത്രീകൾ പൊങ്കാലയ്ക്കെത്തുന്നതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. പൊങ്കാലയുടെ തലേ ദിവസം മുതൽ പൊങ്കാല കഴിഞ്ഞ് ഭക്തജനങ്ങൾ മടങ്ങിപ്പോകുന്നതുവരെ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ അടങ്ങിയ 10 മെഡിക്കൽ ടീമുകളെ ആംബുലൻസ് ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിയോഗിക്കും. എന്തെങ്കിലും ശാരീരിക അസ്വസ്ഥകൾ ഉണ്ടായാൽ ആരോഗ്യ വകുപ്പിന്റെ സേവനം തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിനാണ് ഏകോപന ചുമതല. വിവിധ ടീമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. ഫെബ്രുവരി 26 വരെ ഈ കൺട്രോൾ റൂമിന്റെ പ്രവർത്തനം തുടരും. ഇതിന് പുറമെ പൊങ്കാല ദിവസമായ ഫെബ്രുവരി 25ന് ക്ഷേത്ര പരിസരത്ത് ഒരു മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കും.

നഗര പരിധിയിലുള്ള 16 അർബൻ ഹെൽത്ത് സെന്ററുകൾ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന ഫീൽഡ് ഹോസ്പിറ്റലുകളായി പ്രവർത്തിക്കും. ഫോർട്ട് താലൂക്ക് ആശുപത്രി, നേമം താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രം, 10 സ്വകാര്യ ആശുപത്രികൾ എന്നിവ തീവ്രമല്ലാത്ത സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്ന കണ്ടിജന്റ് സെന്ററുകളായി പ്രവർത്തിക്കും. ഏത് അടിയന്തിര സാഹചര്യവും നേരിടുന്ന സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രവർത്തിക്കും. അടിയന്തിര സാഹചര്യമുണ്ടായാൽ നേരിടുന്നതിനായി അത്യാഹിത വിഭാഗത്തിൽ 100 കിടക്കകളും പൊള്ളലേറ്റാൽ ചികിത്സയ്ക്കായി വാർഡ് 26ൽ 30 കിടക്കകളും സജ്ജീകരിക്കും.

ഫെബ്രുവരി 26 വരെ ആരോഗ്യ സേവനങ്ങൾക്ക് രാവിലെ 7 മുതൽ രാത്രി 10 വരെ രണ്ട് ഷിഫ്റ്റുകളായി ഡോക്ടർ, സ്റ്റാഫ് നഴ്സ്, അറ്റന്റമാരുമടങ്ങുന്ന മെഡിക്കൽ ടീമും കുത്തിയോട്ടത്തിന് വ്രതം അനുഷ്ഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായത്തിന് ശിശുരോഗ വിദഗ്ദ്ധർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരടങ്ങിയ മെഡിക്കൽ ടീമും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ 5 ഡോക്ടർമാരും സ്റ്റാഫ് നേഴ്സുമാരും അടങ്ങിയ ഐഎംഎയുടെ മെഡിക്കൽ ടീം ആറ്റുകാൽ ക്ഷേത്ര പരിസരത്ത് പൊങ്കാല ദിവസം വൈദ്യ സഹായം നൽകും.

ഫെബ്രുവരി 26 വരെ രണ്ട് കനിവ് 108 ആംബുലൻസുകൾ ക്ഷേത്ര പരിസരത്ത് വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ മറ്റ് വകുപ്പുകളുടെ 10 ആംബുലൻസുകളും സ്വകാര്യ ആശുപത്രികളുടെ 7 ആംബുലൻസുകളും ഒരുക്കിയിട്ടുണ്ട്. പൊങ്കാലയോടനുബന്ധിച്ച് പോലീസ് വകുപ്പ് നിർദേശിച്ച 20 അതീവ ജാഗ്രതാ പോയിന്റുകളിൽ ആരോഗ്യ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും സന്നദ്ധ സംഘടനങ്ങളുടെയും ആംബുലൻസുകൾ 24ന് വൈകുന്നേരം മുതൽ സജ്ജമാക്കും.

സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറും 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും അടങ്ങിയ സാനിട്ടേഷൻ ടീമും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് 7 ഹെൽത്ത് സൂപ്പർവൈസർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും അടങ്ങിയ പബ്ലിക് ഹെൽത്ത് ടീമും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ ആയുർവേദ ഹോമിയോ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും സജ്ജമാക്കിയിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കൺട്രോൾ റൂമും ആറ്റുകാലിൽ സജ്ജമാക്കിയിട്ടുണ്ട്. 5 പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. രജിസ്ട്രേഷനോ, ലൈസൻസോ ഇല്ലാത്ത ഒരു ഭക്ഷ്യ സ്ഥാപനത്തിനും പ്രവർത്തിക്കാൻ അനുമതിയില്ല. പൊങ്കാലയോടനുബന്ധിച്ച് താത്ക്കാലിക രജിസ്ട്രേഷൻ നൽകുന്നതിനായി പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അന്നദാനം നടത്തുന്ന എല്ലാവർക്കും രജിസ്ട്രേഷൻ നിർബന്ധമാണ്.

കൃത്യമായ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. ഇതുവരെ അന്നദാനം നടത്തുന്ന 365 വ്യക്തികളും സ്ഥാപനങ്ങളും താത്ക്കാലിക രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. പരിശോധനയ്ക്കായി മൊബൈൽ ലാബിന്റെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

ഒപ്പമുള്ളത് മാതാപിതാക്കൾ തന്നെയോ? രണ്ടുവയസുകാരിക്ക് ഡിഎൻഎ പരിശോധന

തിരുവനന്തപുരം: ചാക്കയിൽനിന്നു രണ്ടു വയസുകാരിയെ തട്ടിക്കൊണ്ടുപോയ കേസിൽ നിർണായക നീക്കവുമായി അന്വേഷണ സംഘം. നാടോടി ദമ്പതികളുടെ കുഞ്ഞിന് ഡിഎൻഎ പരിശോധന നടത്താനാണ് തീരുമാനം.

ഒപ്പമുള്ളത് യഥാർഥ മാതാപിതാക്കളാണോ എന്നറിയാനാണ് പരിശോധന. ഇതിൻറെ ഭാഗമായി കുഞ്ഞിൻറെയും മാതാപിതാക്കളുടെയും ഡിഎൻഎ സാംപിൾ ശേഖരിച്ചു. അന്വേഷണം കഴിയുന്നതുവരെ തിരുവനന്തപുരത്ത് തുടരാൻ മാതാപിതാക്കളോടു നിർദേശിച്ചു. കേസിൽ അന്വേഷണ സംഘവുമായി ബന്ധുക്കൾ സഹകരിക്കുന്നില്ലെന്ന് പോലീസ് പറഞ്ഞിരുന്നു. കുട്ടിയുമായി നാട്ടിലേക്ക് മടങ്ങിപ്പോകാൻ അനുവദിക്കണമെന്നും തുടർനടപടികളോട് താത്പര്യമില്ലെന്നുമാണ് ബന്ധുക്കളുടെ നിലപാട്. കുഞ്ഞിനെ വിട്ടുതരണമെന്നാവശ്യപ്പെട്ട് ആശുപത്രിയുടെ മുന്നിലുൾപ്പെടെ ബന്ധുക്കൾ ബഹളം വച്ചിരുന്നു.

കുട്ടിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ പോലീസിനു മുന്നിൽ ഹാജരാക്കാൻ ബന്ധുക്കൾക്ക് കഴിഞ്ഞിട്ടില്ല. ഇതിൻറെ കൂടി അടിസ്ഥാനത്തിലാണ് ഡിഎൻഎ പരിശോധന നടത്താൻ പോലീസ് തീരുമാനിച്ചത്. പരിശോധനാഫലം വന്നതിനു ശേഷം മാത്രമേ മാതാപിതാക്കൾക്കൊപ്പം കുട്ടിയെ വിട്ടുനല്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുക. നിലവിൽ അമ്മയ്ക്കൊപ്പം അഭയകേന്ദ്രത്തിലാണ് കുട്ടി.

സംഭവത്തിൽ ആരെയും സംശയമില്ലെന്നും തങ്ങളുടെ സംഘത്തിലുള്ളവർ കുട്ടിയെ കൊണ്ടു പോകില്ലെന്നുമാണ് കുടുംബത്തിൻറെ വാദം. തിങ്കളാഴ്ച രാത്രി ഏഴരയോടെയാണു കൊച്ചുവേളി റെയിൽവേ സ്റ്റേഷനു സമീപത്തെ കുറ്റിക്കാടിനടുത്തുള്ള ഓടയിൽനിന്നു പിഞ്ചുകുഞ്ഞിനെ പോലീസ് കണ്ടെത്തിയത്.

പുതിയ വാഹനത്തിന് രണ്ടു ദിവസത്തിനകം രജിസ്ട്രേഷൻ

പുതുതായി വാഹനം രജിസ്റ്റർ ചെയ്യാൻ "Vahan" പോർട്ടൽ വഴി അപേക്ഷ ലഭിച്ചാൽ രണ്ടു പ്രവൃത്തി ദിവസത്തിനകം വാഹനത്തിനു രജിസ്ട്രേഷൻ നമ്പർ അനുവദിക്കണമെന്നു നിർദേശിച്ചു ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചു. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കും. ഏതെങ്കിലും രേഖകളുടെ അഭാവത്തിൽ അപേക്ഷ നിരസിക്കേണ്ട സാഹചര്യം ഉണ്ടായാൽ അക്കാര്യം വ്യക്തമായി രേഖപ്പെടുത്തണം.

പുതുതായി വാഹനം രജിസ്റ്റർ ചെയ്യുന്നതിനായി "Vahan" വഴി അപേക്ഷ സമർപ്പിക്കുമ്പോൾകേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 47 ൽ നിഷ്കർഷിക്കുന്ന രേഖകൾ Annexure ആ പ്രകാരം ഉൾപ്പെടുത്തണം. ഈ രേഖകളെക്കാൾ യാതൊരു അധിക രേഖകളും ആവശ്യപ്പെടാൻ പാടില്ല.

വാഹനം ഒരു സ്ഥാപനത്തിന്റെ സ്ഥാപന മേധാവിയുടെ പേരിൽ രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ സമർപ്പിക്കുമ്പോൾ ഈ വ്യക്തികളുടെ വ്യക്തിഗത ആധാർ, ജഅച വിവരങ്ങൾ വേണമെന്ന് നിർബന്ധിക്കരുത്. എന്നാൽ ഈ സ്ഥാപനങ്ങളുടെ പേരിലുള്ള PAN, TAN വിവരങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കണം.

വാഹനങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷയിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം

47(1) (ാ) പ്രകാരം Nominee വയ്ക്കണമെന്ന് നിർബന്ധമില്ല. ചീാശിലല യുടെ പേര് വയ്ക്കുകയാണെങ്കിൽ മാത്രമേ നോമിനിയുടെ Identtiy proof ആവശ്യപ്പെടുവാൻ പാടുള്ളൂ. അന്യസംസ്ഥാനത്ത് സ്ഥിര മേൽവിലാസമുള്ളതും സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതുമായ വ്യക്തികൾക്ക് വാഹനം രജിസ്റ്റർ ചെയ്യുന്നതിന് സ്ഥിര മേൽവിലാസം തെളിയിക്കുന്നതിന് ആധാറിന്റെ പകർപ്പിനോടൊപ്പം താൽക്കാലിക മേൽവിലാസം തെളിയിക്കുന്നതിനായി നിഷ്കർഷിക്കുന്ന രേഖകൾ സമർപ്പിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ അനുവദിക്കണം.സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓഫീസ് തിരിച്ചറിയൽ കാർഡ് ധതസ്തിക, വിലാസം, നൽകിയ തീയതി രേഖപ്പെടുത്തിയത്പ, അല്ലെങ്കിൽ ഓഫീസ് മേധാവിയുടെ സർട്ടിഫിക്കറ്റും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്ഥാപനത്തിലെ [Letter pad ൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ഉണ്ടായിരിക്കണംപ ഉള്ള സർട്ടിഫിക്കറ്റിനോടൊപ്പം ജീവനക്കാരുടെ Salary Certificate/Pay Slip ഹാജരാക്കണം. ഈ നിർദ്ദേശങ്ങൾ മാർച്ച് ഒന്നു മുതൽ നിലവിൽ വരും.

ഗതാഗതം താത്കാലികമായി നിരോധിച്ചു

കരമന സോമൻ നഗർ കാലടി റോഡിൽ ടാറിങ് പ്രവർത്തികൾ നടക്കുന്നതിനാൽ ഫെബ്രുവരി 23,24 തീയതികളിൽ ഈ റോഡിലൂടെയുള്ള ഗതാഗതം താത്കാലിമായി നിരോധിച്ചിരിക്കുന്നു. ഈ റോഡിലൂടെ പോകേണ്ടുന്ന വാഹനങ്ങൾ കരമന തളിയൽ കാലടി റോഡുവഴി പോകേണ്ടതാണെന്നു പി.ഡബ്ലു.ഡി റോഡ്സ് ഡിവിഷൻ അറിയിച്ചു.

കോഷൻ ഡെപ്പോസിറ്റ്

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ 201718 മുതൽ 2019 20 വരെയുള്ള അധ്യയന വർഷം ബിരുദ കോഴ്സുകളിലേക്കും ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കും പ്രവേശനം നേടി കോഴ്സ് പൂർത്തിയാക്കുകയും, നാളിതുവരെയും കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാത്തതുമായ വിദ്യാർഥികൾ 2024 ഫെബ്രുവരി 29ന് മുൻപായി കോളേജ് ഓഫീസിലെത്തി അപേക്ഷ നൽകി തുക കൈപ്പറ്റണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ: അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സണെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അഖിലേന്ത്യാ സർവീസിലോ സംസ്ഥാന സർവീസിലോ പ്രവർത്തിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം. കൃഷി, പൊതുവിതരണം, പോഷകാഹാരം, ആരോഗ്യം അല്ലെങ്കിൽ സമാന മേഖലകളിൽ ഭക്ഷ്യസുരക്ഷ, നയരൂപീകരണം, ഭരണനിർവഹണം എന്നിവയിൽ അറിവും പരിചയവുമുള്ളവരുമായിരിക്കണം.

പൊതുഭരണം, കൃഷി, നിയമം, മനുഷ്യാവകാശം, സാമൂഹ്യ സേവനം, മാനേജ്മെന്റ്, പോഷണം, ആരോഗ്യം, ഭക്ഷ്യനയം എന്നിവയിൽ വിപുലമായ അറിവും പ്രവൃത്തിപരിചയവുമുള്ളവർക്കും അപേക്ഷിക്കാം. ദരിദ്ര വിഭാഗങ്ങളുടെ ഭക്ഷ്യ, പോഷണ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കഴിവു തെളിയിച്ചിട്ടുള്ളവർക്കും അപേക്ഷ നൽകാം. 65 വയസാണ് പ്രായപരിധി. ബയോഡാറ്റ സഹിതമുള്ള അപേക്ഷ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, കേരളം എന്ന വിലാസത്തിലോ secy.food@kerala.gov.in എന്ന മെയിലിലോ 15 ദിവസത്തിനകം സമർപ്പിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu.

ജില്ലാതല പട്ടയമേള

പട്ടയമേള : ജില്ലയിൽ 1,000 പട്ടയങ്ങൾ വിതരണം ചെയ്തു

ഇടുക്കി: ജില്ലാതല പട്ടയമേള നാളെ ഉച്ചകഴിഞ്ഞു മൂന്നിന് ചെറുതോണി പഞ്ചായത്ത് ടൗൺഹാളിൽ നടക്കും. സംസ്ഥാനതല പട്ടയമേളയുടെ ഭാഗമായി 14 ജില്ലകളിലും നടക്കുന്ന ജില്ലാതല പട്ടയമേളകളിലായി 30,000 ത്തോളം പട്ടയങ്ങളാണ് വിതരണം ചെയ്യയ്തു. ചെറുതോണിയിൽ നടക്കുന്ന പട്ടയമേള മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം തയാറാക്കിയ 1,000 പട്ടയങ്ങളാണ് വിതരണം ചെയ്യുന്നത്. ജില്ലയിലെ താലൂക്ക് ഓഫീസുകൾ, വിവിധ ഭൂമി പതിവ് സ്പെഷൽ ഓഫീസുകൾ എന്നിവ മുഖേന തയാറാക്കിയ 1993ലെ ഭൂമി പതിവ് ചട്ടങ്ങൾ, ജില്ലയിലെ അതിദരിദ്രരായ കുടുംബങ്ങൾക്ക് കണ്ടെത്തിയ ഭൂമിക്കുള്ള പട്ടയങ്ങൾ,

രാജീവ് ദശലക്ഷം പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് ഭവനപദ്ധതി നടപ്പാക്കിയ ഗുണഭോക്താക്കൾക്കുള്ള പട്ടയങ്ങൾ, വനാവകാശ രേഖകൾ, ലാൻഡ് ട്രിബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകൾ, മുനിസിപ്പൽ പ്രദേശത്തെ പട്ടയങ്ങൾ, ഹൈറേഞ്ച് കോളനൈസേഷൻ സ്കീം പട്ടയങ്ങൾ എന്നിവ മേളയിൽ വിതരണം ചെയ്യും.

1993ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള 670 പട്ടയങ്ങൾ, 1964 ചട്ടങ്ങൾ പ്രകാരമുള്ള 198,35 എൽറ്റി ക്രയസർട്ടിഫിക്കറ്റുകൾ, 1995 ലെ മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരമുള്ള അഞ്ചു പട്ടയങ്ങൾ, ഹൈറേഞ്ച് കോളനൈസേഷൻ സ്കീം പ്രകാരമുള്ള 13 പട്ടയങ്ങൾ, 79 വനാവകാശരേഖ എന്നിവയാണ് മേളയിൽ വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും കണ്ടെത്തി അവരെ ഭൂമിയുടെ ഉടമകളാക്കി ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുകയാണ് സർക്കാർ ലക്ഷ്യം. മൂന്നാം പട്ടയ മേളക്ക് ശേഷം സജ്ജമായ 30000 പട്ടയങ്ങൾ കൂടി വിതരണം ചെയ്യുന്നതോടെ രണ്ടരവർഷം കൊണ്ട് ഒന്നരലക്ഷം പട്ടയങ്ങളെന്ന ലക്ഷ്യസാക്ഷാത്കാരത്തിലാണ് റവന്യൂവകുപ്പ്.

ജില്ലാതല പട്ടയമേളയിൽ എംപി, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാകളക്ടർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിലെ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ബ്രഹ്മപുരം ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ: മന്ത്രി

കാക്കനാട്: കഴിഞ്ഞ മാർച്ചിൽ ബ്രഹ്മപുരം മാലിന്യ പ്ലാൻറിലുണ്ടായ തീപിടിത്തം ആവർത്തിക്കാതിരിക്കാൻ കർശനമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചതായി മന്ത്രി പി. രാജീവ്. ബ്രഹ്മപുരം മാലിന്യ പ്ലാൻറിലെ നിലവിലെ സാഹചര്യവും അഗ്നി സുരക്ഷയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതിയും മന്ത്രി പി. രാജീവിൻറെ നേതൃത്വത്തിൽ നേരിട്ട് വിലയിരുത്തി.

പ്ലാൻറ് സന്ദർശിച്ച ശേഷം മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം കളക്ടറുടെ ചേംബറിൽ ചേർന്നു. തീപിടിത്തമുണ്ടായ സന്ദർഭത്തിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി യോഗം വിലയിരുത്തി.

ബയോ മൈനിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കി. ജൂൺ മാസത്തോടെ 30 ശതമാനം അവശിഷ്ടങ്ങൾ മാറ്റാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു.

വാഹനങ്ങൾ ബ്രഹ്മപുരം മാലിന്യപ്ലാൻറിൽ എല്ലായിടത്തും എത്തിച്ചേരുന്നതിനുള്ള റോഡ് സൗകര്യം 85 ശതമാനം പൂർത്തിയാക്കി. ഉൾവശത്തേക്കുള്ള റോഡുകളും രണ്ടാഴ്ചയ്ക്കകം പൂർത്തിയാക്കും.

നിലവിൽ പൂർത്തിയായ റോഡുകളിൽ ഫയർ എൻജിൻ എത്തുന്നതിന് പര്യാപ്തമാണോ എന്ന് അടുത്ത ദിവസം പരിശോധിക്കും. ഒന്പത് കാമറകളും ബയോ മൈനിംഗുമായി ബന്ധപ്പെട്ട 12 കാമറകളും ഉൾപ്പടെ 21 കാമറകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

കാമറകളുടെ ആക്സസ് ഫയറിനും പോലീസിനും നൽകും. 25 ഫയർ വാച്ചർമാരെ കോർപ്പറേഷൻ നിയോഗിച്ചിട്ടുണ്ട്. നിലവിലുള്ള മാലിന്യങ്ങൾ നീക്കുന്നതിൽ കോർപറേഷൻ സ്തുത്യർഹമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നതെന്നും മന്ത്രി പറഞ്ഞു.

എല്ലാ ചൊവ്വാഴ്ചയും ഉച്ചകഴിഞ്ഞ് മൂന്നിന് മന്ത്രിമാർ, മേയർ, എംഎൽഎ, ജില്ലാ കളക്ടർ, പഞ്ചായത്ത് പ്രസിഡൻറ്, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അവലോകന യോഗം ചേരും.

ബ്രഹ്മപുരം മാലിന്യ പ്ലാൻറുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി. ഇ. അബ്ബാസ് കൺവീനറായി കോർ കമ്മിറ്റി രൂപീകരിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ഗൃഹനാഥൻ ജീവനൊടുക്കിയത് ബാങ്ക് അധികൃതരുടെ ഭീഷണി മൂലമെന്ന് കുടുംബം

ഇരിങ്ങാലക്കുട: ഗൃഹനാഥൻ ജീവനൊടുക്കിയ സംഭവത്തിൽ സഹകരണ ബാങ്കിനെതിരെ കുടുംബം രംഗത്ത്. കല്ലംകുന്ന് പറമ്പത്ത് വീട്ടിൽ അശോകൻ (51) ആണ് കഴിഞ്ഞ ദിവസം ജീവനൊടുക്കിയത്. ജപ്തിഭീഷണിയെ തുടർന്നാണ് ആത്മഹത്യ ചെയ്തതെന്ന് അശോകൻറെ കുടുംബം ആരോപിച്ചു. കല്ലംകുന്ന് സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയാണ് അശോകൻറെ മരണത്തിന് ഉത്തരവാദിയെന്നാണ് ആരോപണം.

അശോകൻറെ കുടുംബം ബാങ്കിൽനിന്നു 2019 ൽ വീടുപണിക്ക് 3,10, 000 രൂപ വായ്പയെടുത്തിരുന്നു. വീടുപണി പൂർത്തിയാക്കാൻ സർക്കാർ പദ്ധതികൾക്കായി അപേക്ഷ നൽകിയിരുന്നു. എന്നാൽ ഒന്നും അനുവദിച്ചുകിട്ടാതെ വന്നതോടെയാണ് വായ്പയെടുത്തത്. ആദ്യഘട്ടത്തിൽ വായ്പ തിരിച്ചടച്ചിരുന്നു. കോവിഡ് കാലത്ത് കുടുംബം പ്രതിസന്ധിയിലായി. ജോലി ഇല്ലാതായതോടെ തിരിച്ചടവ് മുടങ്ങി. ഇതിനിടയിൽ അശോകന് ഹൃദ്രോഗവും ബാധിച്ചു. ബംഗളൂരുവിലാണ് ചികിത്സ നടത്തിയത്. ഇതോടെ സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിലായെന്ന് കുടുംബം പറയുന്നു.

കഴിഞ്ഞ ഒക്ടോബറിലും ബാങ്കിൽനിന്ന് ജപ്തിനോട്ടീസ് വന്നിരുന്നു. ഒടുവിൽ ബാങ്ക് അധികൃതർ വീട്ടിലെത്തി ജപ്തി ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയെന്നും ഇതിൽ മനംനൊന്താണ് ആത്മഹത്യയെന്നുമാണ് അശോകൻറെ ഭാര്യ പ്രമീള പറയുന്നത്. വിദ്യാർഥിയായ മകനും ഭാര്യയും അടങ്ങുന്നതാണ് കുടുംബം. അശോകൻ കൂലിപ്പണി ചെയ്താണ് കുടുംബം പുലർത്തിയിരുന്നത്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മൂന്നാളും ഒരുമിച്ചുമരിക്കാനായിരുന്നു തീരുമാനമെന്നും ഭാര്യ പറഞ്ഞു. ഇക്കഴിഞ്ഞ 14 നാണ് അശോകൻ ജീവനൊടുക്കിയത്. മരണവിവരമറിഞ്ഞ് ബാങ്ക് അധികൃതർ വീട്ടിൽ വരികപോലും ചെയ്തിരുന്നില്ലെന്നും പ്രമീള പറഞ്ഞു. മകൻ: അനൽകൃഷ്ണ.

സ്വാഭാവികനടപടി മാത്രം: ബാങ്ക് അധികൃതർ

അശോകൻ സഹകരണ ബാങ്കിൽനിന്ന് എടുത്ത വായ്പത്തുക തിരികെകിട്ടാനുള്ള നിയമപരമായ നടപടി മാത്രമേ സ്വീകരിച്ചിട്ടുള്ളുവെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. വായ്പാ തിരിച്ചടവു മുടങ്ങിയ സാഹചര്യത്തിൽ നിയമനടപടി എന്ന നിലയ്ക്ക് നോട്ടീസ് നൽകുകയാണ് ഉണ്ടായത്. അല്ലാതെ ഭീഷണിയോ സമ്മർദമോ ബാങ്കിൻറെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കഴിഞ്ഞ ഒക്ടോബറിലാണ് നോട്ടീസ് നൽകിയത്. എന്നാൽ അശോകൻറെ മരണം ഇത്തരത്തിൽ വിവാദമാക്കുന്നതിനു പിന്നിൽ രാഷ്ട്രീയ ദുരുദ്ദേശ്യമാണെന്നും ബാങ്ക് അധികൃതർ പറഞ്ഞു.

ആരതിക്ക് ജന്മനാടിൻറെ കണ്ണീരണിഞ്ഞ വിട

ചേർത്തല: ഭർത്താവിൻറെ ക്രൂരതയാൽ തീയിൽ വെന്ത് വെണ്ണീറായ ആരതിക്ക് വെട്ടയ്ക്കൽ ഗ്രാമനിവാസികൾ ഒന്നടങ്കം കണ്ണീരോടെ വിടനൽകി. കുടുംബ വഴക്കിനെ തുടർന്ന് ഭർത്താവ് വഴിയിൽ തടഞ്ഞുനിർത്തി പെട്രോൾ ഒഴിച്ച് തീ കൊളുത്തിയതിനെ തുടർന്ന് മരിച്ച വെട്ടയ്ക്കൽ വലിയവീട്ടിൽ പ്രദീപ് ബാലാമണി ദമ്പതികളുടെ മകൾ ആരതി(30)യെയാണ് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ കണ്ണീരോടെ യാത്രയാക്കിയത്.

ഇന്നലെ ഉച്ചയ്ക്ക് 12.30ന് വീട്ടിലേക്ക് എത്തിച്ച മൃതദേഹത്തെക്കാത്ത് രാഷ്ട്രീയസാമുദായിക നേതാക്കൾ അടക്കമുള്ളവർ നിറകണ്ണുകളോടെ കാത്തുനിന്നു. ആരതിയുടെ മക്കളായ ഏഴു വയസുകാരൻ ഇഷാനും മൂന്നരവയസുള്ള ഇളയ കുട്ടി സിയയ്ക്കും അമ്മയുടെ മുഖം ഒരുനോക്കു കാണാൻ പോലും ആകാതെ കരഞ്ഞപ്പോൾ കണ്ടുനിന്നവർക്കു പോലും സങ്കടം സഹിക്കാനാകാതെ അണപൊട്ടി ഒഴുകി.

മുഖം പോലും പുറത്തുകാണാൻ പറ്റാത്തരീതിയിൽ മുഴുവനും വെള്ളത്തുണിയിൽ പൊതിഞ്ഞുകെട്ടിയ നിലയിലായിരുന്നു വീട്ടിലേക്കു കൊണ്ടുവന്നത്. സഹോദരൻ ബിബിനെ സുഹൃത്തുക്കൾ പലവട്ടം ആശ്വസിപ്പിക്കുന്നതും വളരെ വേദനിപ്പിക്കുന്ന കാഴ്ചയായിരുന്നു. മതപരമായ ചടങ്ങുകൾ ഒന്നും ഇല്ലാതെ ഉച്ചയ്ക്ക് ഒന്നിന് ആരതിയുടെ മകൻ ഇഷാൻ ചിതയ്ക്ക് തീ കൊളുത്തി. കൃഷിമന്ത്രി പി. പ്രസാദ്, എ. എം. ആരിഫ് എംപി, എസ്. ശരത്, എൻ. എസ്. ശിവപ്രസാദ്, സി. എസ്. സുജാത, ഫാ. തോമസ് കെ. പ്രസാദ് എന്നിവർ വീട്ടുവളപ്പിൽ നടന്ന സംസ്കാരച്ചടങ്ങിൽ പങ്കെടുത്തു.

വില്ലേജ് ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തി

ആലപ്പുഴ: ഓൺലൈൻ സേവനങ്ങൾക്ക് നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തി. സംസ്ഥാന വ്യാപകമായാണ് പരിശോധന നടത്തിയത്. ജില്ലയിലെ ആര്യാട് തെക്ക്, പള്ളിപ്പാട്, മുഴക്കുഴ, തൃക്കുന്നപ്പുഴ എന്നീ വില്ലേജ് ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. റവന്യൂവകുപ്പിൻറെ ഇഡിസ്ട്രിക്ട് എന്ന പോർട്ടൽ വഴിയുള്ള സേവനങ്ങൾക്ക് അപേക്ഷ നൽകിയാലും സേവനങ്ങൾക്ക് കാലതാമസം വരുത്തും.

അപേക്ഷകർ അന്വേഷിക്കാൻ ചെല്ലുമ്പോൾ സ്ഥല പരിശോധന വേണമെന്ന് പറഞ്ഞൊഴിവാക്കും. പിന്നീട് സ്ഥല പരിശോധനയുടെ പേരിൽ അപേക്ഷകരിൽനിന്നു പണം ഈടാക്കുന്നതായാണ് കണ്ടെത്തിയത്. ആലപ്പുഴ വിജിലൻസ് ഡിവൈഎസ്പി ഗിരീഷ് പി. സാരഥിയുടെ നേതൃത്വത്തിൽ നടന്ന പരിശോധനയ്ക്ക് ഇൻസ്പെക്ടർമാരായ ആർ. രാജേഷ് കുമാർ, പ്രശാന്ത് കുമാർ, ജിംസ്റ്റൺ തുടങ്ങിയവർ നേതൃത്വം നൽകി.

ക്ഷേമനിധി ആനുകൂല്യങ്ങൾ കൈമാറി

വയനാട് ജില്ലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായ അജിഷ് ജോസഫിന്റെ അവകാശിക്ക് അദ്ദേഹത്തിന്റെ വീട്ടിൽ നേരിട്ടെത്തി ബോർഡ് ചെയർമാൻ കെ.കെ. ദിവാകരൻ എക്സ്. എം.എൽ.എ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

രഹസ്യം ചോരുമോ എന്ന ഭയം; കുഞ്ഞനന്തൻറെ മരണം ഭക്ഷ്യവിഷബാധയേറ്റാണെന്ന് കെ. എം. ഷാജി

കൊണ്ടോട്ടി: ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ സിപിഎം നേതാവ് പി. കെ. കുഞ്ഞനന്തൻറെ മരണം ഭക്ഷ്യവിഷബാധയേറ്റാണെന്ന് മുസ്ലിം ലീഗ് നേതാവ് കെ. എം. ഷാജി. ടി. പി. വധക്കേസിൽ നേതാക്കളിലേക്ക് എത്താനുള്ള ഏകകണ്ണിയായിരുന്നു കുഞ്ഞനന്തനെന്നും അദ്ദേഹം പറഞ്ഞു. കൊണ്ടോട്ടി മുനിസിപ്പൽ മുസ്ലിം ലീഗ് സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കണ്ണൂരിൽ എല്ലാ കൊലപാതകങ്ങളിലും കൊന്നവർ കൊല്ലപ്പെട്ടിട്ടുണ്ട്. രഹസ്യം ചോരുമോ എന്ന ഭയം വരുമ്പോഴാണ് കൊന്നവരെ കൊല്ലുന്നത്. ഫസൽ വധക്കേസിലെ മൂന്നുപേരും കൊല്ലപ്പെടുകയായിരുന്നു.കുറച്ച് ആളുകളെ കൊല്ലാൻ വിടും. അവർ കൊലപാതകം നടത്തി തിരികെ വരും. അവരിൽനിന്ന് രഹസ്യം ചോരുമോ എന്ന ഭയം വരുമ്പോൾ കൊന്നവരെ കൊല്ലും. ഫസൽ വധകേക്കസിൽ പ്രതികളെ കൊന്നതും സപിഎമ്മാണ്. ഷുക്കൂർ വധക്കേസിലെ പ്രധാന പ്രതിയെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തുകയായിരുന്നുവെന്നും ഷാജി പറഞ്ഞു.

ടിപി വധക്കേസിൽ പതിമൂന്നാം പ്രതിയായ കുഞ്ഞനന്തൻ ജയിൽ ശിക്ഷ അനുഭവിച്ചുവരവെ 2020 ജൂണിലാണ് മരിച്ചത്. അസുഖത്തെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിൽസയിലിരിക്കെയായിരുന്നു അന്ത്യം.

ആക്രമണകാരികളായ മൃഗങ്ങളെ വെടിവച്ചുകൊല്ലാൻ അധികാരമുണ്ട്; പുതിയ നിയമം വേണ്ടെന്ന് കേന്ദ്രമന്ത്രി

കൽപറ്റ: മനുഷ്യൻറെ ജീവനും സ്വത്തിനും അപായമുണ്ടാക്കുന്ന ജീവികളെ നേരിടാൻ സംസ്ഥാനത്തിന് അധികാരമുണ്ടെന്ന് കേന്ദ്ര വനംമന്ത്രി ഭൂപേന്ദ്ര യാദവ്. മൃഗമായാലും മനുഷ്യനായാലും ജീവന് പരിരക്ഷ വേണം. വയനാട്ടിലെ മനുഷ്യ മൃഗ സംഘർഷം രൂക്ഷമെന്ന് മനസിലാക്കുന്നതായും ഭൂപേന്ദ്ര യാദവ് കൂട്ടിച്ചേർത്തു. വന്യമൃഗ ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവർക്ക് നല്കുന്ന 10 ലക്ഷം രൂപയും കേന്ദ്രവിഹിതമാണെന്നും സംസ്ഥാനത്തിനു വേണമെങ്കിൽ അത് കൂട്ടാമെന്നും മന്ത്രി പറഞ്ഞു. വയനാട്ടിൽ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കാൻ എത്തിയതായിരുന്നു കേന്ദ്രമന്ത്രി.

അക്രമകാരികളായ വന്യമൃഗങ്ങളെ വെടിവച്ചു കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ട്. ഇത് നേരത്തെ തന്നെ സംസ്ഥാനത്തിന് നല്കിയ അധികാരമാണ്. അത് പ്രയോഗിക്കാം. കടുവ പോലെയുള്ള മൃഗങ്ങളുടെ കാര്യങ്ങളിൽ കേന്ദ്രത്തോട് അനുവാദം തേടേണ്ടിവരുമെന്നും ഭൂപേന്ദ്ര യാദവ് പറഞ്ഞു.

വയനാട്ടിൽ കർണാടകയിലെയും കേരളത്തിലെയും വനംവകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയശേഷം നടത്തിയ വാർത്താ സമ്മേളനത്തിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം അറിയിച്ചത്.

1972ലെ വനം സംരക്ഷണ നിയമം സെക്ഷൻ 11 അക്രമകാരികളായ മൃഗങ്ങളെ വെടിവച്ച് കൊല്ലാൻ അധികാരം നൽകുന്നുണ്ട്. അതിനു പുതിയ നിയമനിർമാണത്തിൻറെ ആവശ്യമില്ല. ആ അധികാരം സംസ്ഥാന സർക്കാരിനു കർഷകരെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിന് ഉപയോഗിക്കാമെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നു; പുതിയ മാറ്റങ്ങൾ മേയ് ഒന്നു മുതൽ

സംസ്ഥാനത്തു ഡ്രൈവിങ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങളുമായി മോട്ടോർ വാഹന വകുപ്പ്. 'മോട്ടോർ സൈക്കിൾ വിത്ത് ഗിയർ' എന്ന വിഭാഗത്തിന് ഇനി ഡ്രൈവിംഗ് ടെസ്റ്റിന് ഉപയോഗിക്കേണ്ടത് കാൽ പാദം കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഗിയർ സെലക്ഷൻ സംവിധാനമുള്ളതും 95 ഇ ഇക്കു മുകളിൽ എഞ്ചിൻ കപ്പാസിറ്റിയുള്ളതുമായ മോട്ടോർ സൈക്കിൾ ആയിരിക്കണം. നിലവിൽ ഡ്രൈവിങ് സ്കൂൾ ലൈസൻസിൽ ചേർത്തിട്ടുള്ള 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ 2024 മേയ് ഒന്നിനു മുമ്പായി നീക്കം ചെയ്യേണ്ടതും പകരം 15 വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ ലൈസൻസിൽ ചേർക്കേണ്ടതുമാണെന്നും ഇതു സംബന്ധിച്ചു ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്നു. പുതിയ നിർദേശങ്ങൾ മേയ് ഒന്നിനു പ്രാബല്യത്തിൽ വരും.

ഓട്ടോമാറ്റിക് ഗിയർ/ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളിലും, ഇലക്ട്രിക് വാഹനങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റിനു വിധേയരാകുന്ന അപേക്ഷകർക്ക് ഇനി സാധാരണ മാനുവൽ ഗിയർ ഉള്ള വാഹനം ഓടിക്കാൻ കഴിയില്ല. ഇത്തരം വാഹനങ്ങൾ ഓടിക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ലൈറ്റ് മോട്ടോർ വാഹനങ്ങളുടെ ഡ്രൈവിങ് ടെസ്റ്റിനായി ഓട്ടോമാറ്റിക് ഗിയർ/ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളും ഉപയോഗിക്കാൻ പാടില്ല എന്നും നിർദേശം നൽകിയിട്ടുണ്ട്.

മോട്ടോർ സൈക്കിൾ വിഭാഗത്തിലെ പാർട്ട് 2 റോഡ് ടെസ്റ്റ് കേന്ദ്ര മോട്ടോർ വാഹന ചട്ടം 15(3) അനുശാസിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് വാഹന ഗതാഗതമുള്ള റോഡിൽ നടത്തുവാൻ നിർദേശം നൽകുന്നു. ഗ്രൗണ്ടിൽ തന്നെ പാർട്ട് 2 റോഡ് ടെസ്റ്റ് നടത്തുന്നത് ഉദ്യോഗസ്ഥന്റെ കൃത്യനിർവഹണത്തിലെ വീഴ്ചയായി കണക്കാക്കും.

ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിലെ ഡ്രൈവിംഗ് ടെസ്റ്റ് പാർട്ട് 1 (ഗ്രൗണ്ട് ടെസ്റ്റ്) ആംഗുലാർ പാർക്കിംഗ്, പാരലൽ പാർക്കിംഗ്, സിഗ്സാഗ് ഡ്രൈവിംഗ്, ഗ്രേഡിയന്റ് ടെസ്റ്റ് എന്നിവ ഉൾപ്പെടുത്തി പരിഷ്കരിക്കും.

പ്രതിദിനം ഒരു ഒഡ്കയും ഒരു A-M-V-I യും ചേർന്ന് ഡ്രൈവിങ് ടെസ്റ്റ് നടത്തേണ്ട അപേക്ഷകരുടെ എണ്ണം 30 ആയി നിജപ്പെടുത്തി ഇതിൽ 20 എണ്ണം പുതിയ അപേക്ഷകരും 10 എണ്ണം നേരത്തെ പരാജയപ്പെട്ട അപേക്ഷകരുമായിരിക്കണം. 30 എണ്ണത്തിൽ കൂടുതൽ ആയാൽ ടെസ്റ്റിങ് കാര്യക്ഷമമായി നടത്താൻ കഴിയാത്തതുകൊണ്ടാണ് ഈ മാറ്റം. പരാജയപ്പെട്ട അപേക്ഷകരുടെ എണ്ണം 10ൽ കുറവായാൽ കുറവ് വരുന്ന എണ്ണം നേരത്തെ അപേക്ഷിച്ച് ടെസ്റ്റിന് ഹാജരാകാൻ കഴിയാതിരുന്നവർക്ക് മുൻഗണന പ്രകാരം നൽകാം. 30 എണ്ണത്തിലധികം ടെസ്റ്റ് നടത്തിയാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടിയുണ്ടാകും.

ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കുന്ന മോട്ടോർ ഡ്രൈവിംഗ് സ്കൂളിന്റെ എൽ.എം.വി വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ ടെസ്റ്റ് റെക്കോർഡ് ചെയ്യുന്നതിനായുള്ള ഡാഷ്ബോർഡ് ക്യാമറയും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് (ഢഘഛഠ) ഡ്രൈവിംഗ് സ്കൂൾ ഉടമ വാങ്ങി ഘടിപ്പിക്കണം. ടെസ്റ്റ് റെക്കോർഡ് ചെയ്തു മെമ്മറി കാർഡ് എം.വി.ഐ കൈവശം കൊണ്ടുപോകേണ്ടതും അതിലെ ഡേറ്റാ ഓഫിസിലെ കംപ്യൂട്ടറിലേക്ക് മാറ്റിയ ശേഷം മെമ്മറി കാർഡ് തിരികെ നൽകേണ്ടതുമാണ്. ഡാറ്റാ മൂന്ന് മാസകാലയളവിലേക്ക് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ പാർട്ട് 1 ഡ്രൈവിംഗ് ടെസ്റ്റ് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കിൽ നടക്കുന്ന സ്ഥലങ്ങളിൽ ആംഗുലാർ പാർക്കിംഗ്, പാരലൽ പാർക്കിംഗ്, സിഗ്സാഗ് ഡ്രൈവിംഗ്, ഗ്രേഡിയന്റ് ടെസ്റ്റ് എന്നിവ പ്രത്യേകം ട്രാക്കിൽ പരിശോധിക്കണം.

കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24 (3) (ശശശ) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളും, സംസ്ഥാന സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ബോർഡുകളും അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന മോട്ടോർ മെക്കാനിക് അല്ലെങ്കിൽ മെക്കാനിക്കിൽ എൻജിനീയറിങിൽ ഉള്ള യോഗ്യത വിജയകരമായി പൂർത്തിയാക്കിയവർക്ക് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ ആകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനാൽ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാരായി നിയമിക്കപ്പെടാനുള്ള യോഗ്യതയായി മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള റെഗുലർ കോഴ്സ് പാസായവരെ പരിഗണിക്കണെന്നും ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറിൽ വ്യക്തമാക്കി.